13
2024
ഡിസംബർ
വെള്ളി
വൃശ്ചികം 28

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.29 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-29 പേജ് 4. വില 2.00 രൂപ




02 പാർട്ടിയിലെ വിഭാഗീയത പരിഹരിക്കാൻ പ്രത്യേക ശൈലി: എം.എ. ബേബി

03 ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബില്ലിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം

04 29–ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേള ഇന്നുമുതൽ

# വിദ്യാർഥികളുടെ മുകളിലേക്ക് ലോറി മറിഞ്ഞു; 4 കുട്ടികൾക്ക് ദാരുണാന്ത്യം

പാലക്കാട്: കല്ലടിക്കോട് സ്കൂൾ വിദ്യാർഥികളുടെ മുകളിലേക്ക് സിമന്റ് ലോറി മറിഞ്ഞ് നാല് കുട്ടികൾക്ക് ദാരുണാന്ത്യം. കോഴിക്കോട്പാലക്കാട് ദേശീയ പാതയിൽ കല്ലടിക്കോട് പനയമ്പാടത്താണ് സംഭവം. മണ്ണാർകാട് ഭാഗത്തേക്ക് സിമന്റുമായി പോയ ലോറിയാണ് മറിഞ്ഞത്. കരിമ്പ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികളായ നാല് പെൺ കുട്ടികളാണ് മരിച്ചത്. അത്തിക്കൽ വീട്ടിൽ ഷറഫുദ്ദീൻസജ്ന ദമ്പതികളുടെ മകൾ അയിഷ, പിലാതൊടി വീട്ടിൽ അബ്ദുൾ റഫീക്ക്,സജീന ദമ്പതികളിടെ മകൾ റിദ ഫാത്തിമ, അബ്ദുൾ സലീം നബീസ ദമ്പതികളിടെ മകൾ നിദ ഫാത്തിമ, അബ്ദുൾ സലാം ഫരിസ ദമ്പതികളുടെ മകൾ ഇർഫാന ഷെറിൽ എന്നിവരാണ് മരിച്ചത്.




വൈകുന്നേരം നാലുമണിയോടെ പരീക്ഷ കഴിഞ്ഞിറങ്ങിയ എട്ടാം ക്ലാസ് വിദ്യാർഥിനികൾ വീട്ടിലേക്കു മടങ്ങാൻ ബസ് സ്റ്റോപ്പിൽ നിൽക്കുമ്പോഴായിരുന്നു അപകടം. നിയന്ത്രണം വിട്ട ലോറി പാഞ്ഞുവരുന്നതു കണ്ട് ഒരു വിദ്യാർഥിനി ചാടിമാറി. മറ്റു കുട്ടികളുടെ മുകളിലേക്കു ലോറി മറിയുകയായിരുന്നു. മൂന്ന് കുട്ടികൾ സംഭവ സ്ഥലത്ത് വെച്ചും ഗുരുതരമായി പരിക്കേറ്റ ഒരുകുട്ടി ആശുപത്രിയിൽ ചികിത്സയിലിരിക്കെയുമാണ് മരിച്ചത്. മരിച്ച മൂന്ന് വിദ്യാർഥികളുടെ മൃതദേഹം തച്ചമ്പാറ ഇസാഫ് ആശുപത്രിയിലും ഒരു വിദ്യാർഥിയുടെ മൃതദേഹം മണ്ണാർക്കാട് മദർ കെയർ ആശുപത്രിയിലുമാണുള്ളത്.

മഴയത്ത് നിയന്ത്രണം തെറ്റിയാകാം ലോറി മറിഞ്ഞതെന്നാണ് പ്രാഥമിക നിഗമനം. എന്നാൽ അമിത വേഗത്തിലെത്തിയ ലോറി മറ്റൊരു വാഹനവുമായി കൂട്ടിയിടിച്ചാണ് അപകടമെന്നും റിപ്പോർട്ടുകളുണ്ട്. ഇതോടെ ലോറി നിയന്ത്രണം വിട്ട് വീടിനോട് ചേർന്നുള്ള മരത്തിൽ ഇടിച്ച് മറിയുകയായിരുന്നുവെന്നാണ് നാട്ടുകാർ പറയുന്നത്. നാട്ടുകാരും പോലീസും ഫയർഫോഴ്സും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തിയത്.

ഡ്രൈവറും ക്ലീനറും കാസർകോട് സ്വദേശികളാണ്. ഡ്രൈവർ മഹേന്ദ്ര പസാദിനും ക്ലീനർ വർഗീസിനും ഗുരുതര പരിക്കൊന്നും ഇല്ല.ഇരുവരുടേയും മൊഴി പോലീസ് രേഖപ്പെടുത്തുകയാണ്.

# ബേബിസാറിന്റെ പ്രിയപ്പെട്ട കരിംച്ചേവി!

കരിംചേവി കായലിലെ രാജകീയ മൽസ്യങ്ങളിൽ ഒന്നുതന്നെയാണ്. ഇന്നു പുലർച്ചെ ശക്തികുളങ്ങരയിലെ' മൽസ്യ വിപണനം നടത്തുന്ന മറിയാമ്മയുടെ തട്ടിലാണ് നാലുകരിംചേവികൾ സ്ഥാനം പിടിച്ചത്. കടലിലെ രാജകിയമൽസ്യമായ നെയ്മീൻ ഇതേ തട്ടിൽ ഒരെണ്ണം നീണ്ടു നിവർന്നിരിപ്പുണ്ടെങ്കിലും എല്ലാവരുടെയും നോട്ടം കരിംച്ചേവിയിൽ തന്നെ. പലരും വില പേശുകയും പിൻമാറുകയും ചെയ്തപ്പോൾ ഈ മൽസ്യങ്ങൾ മറിയാമ്മക്ക് ലേലം ചെയ്തു നൽകിയ ഹാൻജോ യുടെ ശബ്ദം ഉയർന്നു ' ആ മീൻ വാങ്ങാനുള്ളവർ വരും ബേബി സാറിന്റെ പ്രിയപ്പെട്ട മീനാണ് കരിംച്ചേവി. ആണോ കൂടി നിന്നവർക്ക് അത്ഭുതം. അതെ, അഷ്ടമുടിക്കായലിൽ വല വീശുകാർക്ക് കരിംച്ചേവി കിട്ടിയാൽ അതു ബേബി സാറിന്റെ തീൻമേശയിലെത്തും.



വെള്ളത്തിൽ അതിവേഗതയും കരുത്തും ഉള്ള കരിംച്ചേവിയെ വലയിൽ വീണാലും വെള്ളത്തിൽ കീഴ്പെടുത്താൻ പ്രയാസമാണ്. വീശുകാരുടെ ജീവിത ചക്രത്തിൽ കരിംച്ചേവിയെ വീഴ്ത്തിയ വീശുകഥകളായിരിക്കും മറക്കാതെ നിൽക്കുന്നത്. വെള്ളത്തിൽ കീഴ്പ്പെടുത്തുന്നതിനിടയിൽ പാഞ്ഞു വന്ന് നെഞ്ചിനിടിച്ചാൽ വീശുകാരന്റെ കഥ കഴിഞ്ഞു എന്നാണ് പഴമക്കാർ പറയുന്നത്.. തോടൻ, കണമ്പ് കളളത്ത, തുടങ്ങിയ മീൻ ഇനങ്ങളുടെ കുടുംബത്തിലുള്ളതാണ് കരിംച്ചേവിയും.

ചെറുകരിംച്ചേവിയുണ്ട് പൂർണ്ണവളർച്ചയെത്തിയ

'വലിയ തുക്കമുള്ള കരിംച്ചേവിയും ഉണ്ട്.

ഇരുപതു വർഷമായി മൽസ്യ വിപണനം നടത്തുന്ന മറിയാമ്മ അരിനല്ലൂർ സ്വദേശിയാണ് ഭർത്താവ് മൽസ്ത്തൊഴിലാളിയായ ജോർജ്ജ് അഷ്ടമുടി കായലിൽ കുഴാലി വലക്കു പോകും. ഇപ്പോൾ ചവറ തെക്കുംഭാഗത്തെ' ലൂർദ്ദുപുരത്താണ് താമസം. ബേബിസാറിനെ അറിയാം കരിംച്ചേവി ഇഷ്ടമാണോ എന്നൊന്നും മറിയാമ്മക്കറിയില്ല. അപ്പൻ റമ്മി യെന്ന റെയ്മണ്ട് സാറിന്റെ പാർട്ടിക്കാരനായിരുന്നു ഞാനും സാറിന്റെ പാർടിക്കു വേണ്ടി കൊടി പിടിച്ചിട്ടുണ്ട്. സാറിന്റെ കമ്പനിക്കു വേണ്ടി അരില്ലൂരിൽ ചെമ്മീൻ ഷെഡ് അപ്പൻ നടത്തിയിരുന്നു അന്ന് ഒരു പാട് കൊഞ്ച് ഉരിച്ച് മീറ്റാക്കിയിട്ടുണ്ട്. പിന്നീടതു നിന്നു. അപ്പൻ രാഷ്ട്രീയം കൊണ്ടു നടന്നു നശിച്ചു. ' എന്നെക്കൂടാതെ ഒൻപതു സഹോദരങ്ങൾ. ഉപജീവനം ഇരുപതുകൊല്ലമായി ശക്തികുളങ്ങര തീരത്തെ കായൽ മൽസ്യ വിപണനമാണ്.



## നടിയെ ആക്രമിച്ച കേസ്; വിചാരണ തുറന്ന കോടതിയിൽ വേണമെന്ന് അതിജീവിത

കൊച്ചി: നടിയെ ആക്രമിച്ച കേസിലെ വിചാരണ തുറന്ന കോടതിയിൽ നടത്തണമെന്ന് ആവശ്യപ്പെട്ട് അതിജീവിതയുടെ ഹർജി. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയിലാണ് ഹർജി നൽകിയത്.

വിചാരണയുടെ വിവരങ്ങൾ പുറംലോകം അറിയുന്നതിൽ എതിർപ്പില്ലെന്നും അന്തിമവാദം തുറന്ന കോടതിയിൽ നടത്തണമെന്നുമാണ് ആവശ്യം. വിചാരണയുമായി ബന്ധപ്പെട്ട് തനിക്കെതിരെ തെറ്റായ കാര്യങ്ങൾ പ്രചരിക്കുന്നുണ്ട്.

വിചാരണയുടെ യഥാർത്ഥ വശങ്ങൾ പുറത്തുവരാൻ തുറന്ന കോടതിയിൽ അന്തിമ വാദം നടത്തണമെന്നും ഹർജിയിൽ പറയുന്നു. ഹർജി കോടതി ഇന്ന് പരിഗണിച്ചേക്കും. കഴിഞ്ഞ ദിവസമാണ് കേസിലെ അന്തിമവാദം ആരംഭിച്ചത്. നിലവിൽ അടച്ചിട്ട കോടതിയിലാണ് വിചാരണ നടക്കുന്നത്. നടൻ ദിലീപ് ഉൾപ്പെടെ ഒൻപത് പേരാണ് കേസിലെ പ്രതികൾ. രണ്ടുപേരെ നേരത്തെ പ്രതിപ്പട്ടികയിൽ നിന്ന് ഒഴിവാക്കുകയും ഒരാളെ കേസിൽ മാപ്പുസാക്ഷിയാക്കുകയും ചെയ്തിരുന്നു.

## കടൽജീവികളുടെ ജനിതക പഠനം: വിന്റർ സ്കൂളുമായി സിഎംഎഫ്ആർഐ

കൊച്ചി: കടൽ ജീവികളുടെ ജനിതക പഠനവുമായി ബന്ധപ്പെട്ട ??ശാസ്ത്രീയരീതികൾ പരിശീലിപ്പിക്കാൻ 21 ദിവസത്തെ വിന്റർ സ്കൂളുമായി കേന്ദ്ര സമുദ്രമത്സ്യ ?ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).?

കടൽ ജീവികളുടെ ജീനോം വിശകലനം ഉൾപ്പെടെ ജനിതകപഠന മേഖലയിൽ ഏറ്റവും പുതിയ അറിവും സാങ്കേതിക വിദ്യകളും യുവ?ഗവേഷകരെ പരിചയപ്പെടുത്തുന്ന വിന്റർ സ്കൂൾ 2025 ജനുവരി 15ന് തുടങ്ങും. മാറിക്കൊണ്ടിരിക്കുന്ന പാരിസ്ഥിതിക സാഹചര്യങ്ങലെ നേരിടാൻ ജീവിവർ?ഗങ്ങളിൽ സംഭവിക്കുന്ന ജനിതകവ്യതിയാനം, മോളിക്യുലാർ ബാർകോഡിം?ഗ്, ജനിതകപഠനങ്ങളിൽ ഉപയോ?ഗിക്കുന്ന സോഫ്റ്റ് വെയറുകൾ, പോപുലേഷൻ ജെനിറ്റിക്സ്, മെറ്റാ ബാർകോഡിം?ഗ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകും.

സമുദ്രസമ്പത്തിന്റെ സുസ്ഥിര മാനേജ്മെന്റിന് സഹായകരമാകുന്ന ഈ മേഖലയിലെ ?ഗവേഷണരീതികൾ യുവ??ഗവേഷകരിലേക്ക് കൈമാറുകയാണ് ലക്ഷ്യം. വിന്റർ സ്കൂളിൽ പങ്കെടുക്കുന്നവരുടെ യാത്ര, താമസ ചിലവുകൾ സിഎംഎഫ്ആർഐ വഹിക്കും. 2025 ജനുവരി ഒന്ന് വരെ അപേക്ഷിക്കാം. 25 സീറ്റാണുള്ളത്. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. www.cmfri.org.in

### റോഡ് തടഞ്ഞ് സ്റ്റേജ് കെട്ടുന്നത് പോലീസിന് തടയാമായിരുന്നു: രൂക്ഷവിമർശനവുമായി ഹൈക്കോടതി


കൊച്ചി: തിരുവനന്തപുരം വഞ്ചിയൂരിൽ റോഡ് തടഞ്ഞ് സിപിഎം സമ്മേളനം നടത്തിയ സംഭവത്തിൽ പോലീസിന് ഹൈക്കോടതിയുടെ രൂക്ഷവിമർശനം. റോഡ് തടഞ്ഞ് സ്റ്റേജ് കെട്ടുന്നത് പോലീസിന് തടയാമായിരുന്നു. ലാഘവത്തോടെ കൈകാര്യം ചെയ്യേണ്ട കേസല്ല ഇതെന്നും കോടതി നിരീക്ഷിച്ചു.

പോലീസ് സ്റ്റേഷന് മുന്നിൽവച്ച് നിയമലംഘനം കണ്ടിട്ടും ഉദ്യോഗസ്ഥർ അനങ്ങിയില്ലെന്ന് കോടതി പറഞ്ഞു. വഞ്ചിയൂർ എസ്എച്ച്ഒ ഇന്ന് കോടതിയിൽ നേരിട്ട് ഹാജരായി. നിയമലംഘനം ശ്രദ്ധയിൽപെട്ടിട്ടും സ്റ്റേജ് അവിടെനിന്ന് മാറ്റാൻ എന്തുകൊണ്ട് ആവശ്യപ്പെട്ടിട്ടില്ലെന്ന് എസ്എച്ച്ഒയോട് കോടതി ചോദിച്ചു.

## ഏറ്റവും പ്രായം കുറഞ്ഞ ലോക ചാമ്പ്യൻ മറികടന്നത് കാസ്പറോവിന്റെ റെക്കോർഡ്

വിശ്വനാഥൻ ആനന്ദിന് ശേഷം ലോക ചാമ്പ്യൻഷിപ്പ് കിരീടം ഇന്ത്യയിലേക്ക് കൊണ്ടുവന്ന് ദൊമ്മരാജു ഗുകേഷ്. 14ാം റൗണ്ട് വരെ നീണ്ട ആവേശകരമായ മത്സരത്തിൽ ചൈനീസ് താരം ഡിങ് ലിറനെ അട്ടിമറിച്ചാണ് ഗുകേഷ് ലോക കിരീടത്തിൽ മുത്തമിട്ടത്. ഇതോടെ ലോക ചെസ് ചാമ്പ്യനാകുന്ന ഏറ്റവും പ്രായം കുറഞ്ഞ താരവുമായി ഗുകേഷ്. 18 വയസും എട്ട് മാസവും 14 ദിവസവുമാണ് ഗുകേഷിന്റെ പ്രായം. 22ാം വയസിൽ ലോകചാമ്പ്യനായ ഗാരി കാസ്പറോവിന്റെ റെക്കോർഡാണ് ഗുകേഷ് ഇതോടെ മറികടന്നത്. നേരത്തെ ആവേശം അവസാനറൗണ്ടുവരെ നീണ്ട കാൻഡിഡേറ്റ്സ് ടൂർണമെന്റിൽ ജേതാവായാണ് ദൊമ്മരാജു ഗുകേഷ് ലോകചാമ്പ്യനെ നേരിടാൻ യോഗ്യതനേടിയത്. ഇതോടെ ലോക ചെസ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ അർഹതനേടുന്ന, കാൻഡിഡേറ്റ്സ് ടൂർണമെന്റിൽ ജേതാവാകുന്ന പ്രായംകുറഞ്ഞ താരമായി ഗുകേഷ് മാറിയിരുന്നു. ഏഴാം വയസ്സിൽ കരുനീക്കംതുടങ്ങിയ ഗുകേഷ് ലോകറാങ്കിങ്ങിൽ തന്നേക്കാൾ മുന്നിലുള്ള അഞ്ചുപേരെ പിന്തള്ളിയാണ് ലോകചാമ്പ്യനെ നേരിടാൻ യോഗ്യത നേടിയത്. വിശ്വനാഥൻ ആനന്ദിനുശേഷം കാൻഡിഡേറ്റ്സ് ടൂർണമെന്റ് വിജയിക്കുന്ന ആദ്യ ഇന്ത്യക്കാരനുമായിരുന്നു ഗുകേഷ്.. വേരുകൾ ആന്ധ്രാപ്രദേശിലാണെങ്കിലും ഇന്ത്യൻ ചെസ് ഇതിഹാസം വിശ്വനാഥൻ ആനന്ദിന്റെ ദേശമായ ചെന്നൈയിൽനിന്നുതന്നെയാണ് ഗുകേഷിന്റെ വരവ്.





# ജനവാസ മേഖലയിലേക്ക് കാട്ടാനക്കൂട്ടം; ഭീതിയോടെ പ്രദേശവാസികൾ

കുളത്തൂപ്പുഴ: കിഴക്കൻ മലയോര പ്രദേശമായ കുളത്തൂപ്പുഴയിൽ വന്യജീവികളെ കൊണ്ടുള്ള ശല്യം രൂക്ഷമായി. ശംഖിലി വനമേഖലയിൽ നിന്നും കല്ലടയാർ കടന്ന് ജനവാസ മേഖലയിലെ കൃഷിയിടങ്ങളിലേക്ക് കാട്ടാനക്കൂട്ടം ഇറങ്ങുകയാണ്. കാട്ടുപോത്ത് തുടങ്ങിയ വന്യമൃഗങ്ങൾ കടന്നെത്തുന്നത് പതിവായതോടെ രാത്രി കണ്ണടയ്ക്കാൻ പോലും ആകാതെ പ്രദേശവാസികൾ.

ചോഴിയക്കോട് മിൽപ്പാലം പ്രദേശത്തെ താമസക്കാർക്കാണ് ഈ ദുർഗതി . കുറെ നാളായി വനത്തോട് ചേർന്നുള്ള കൃഷിയിടങ്ങളിലെ തെങ്ങ്, വാഴ, മറ്റു കൃഷികൾ എല്ലാം കാട്ടാനക്കൂട്ടം നശിപ്പിക്കുകയാണ്. കൃഷിനാശം നേരിട്ടതോടെ കർഷകർ കൃഷി ഉപേക്ഷിച്ചുവരികയാണ്. പ്രദേശം കാട്ടുപോത്ത് ,പ്ലാവ്, കാട്ടുപന്നി, എന്നിവയുടെ വികാര കേന്ദ്രമായിരിക്കുന്നു .

ഇപ്പോൾ രാത്രിയെന്നോ പകലെന്നോ വ്യത്യാസം ഇല്ലാതെ വന്യമൃഗങ്ങൾ നിരന്തരമായി എത്തുകയാണ് .കഴിഞ്ഞദിവസം സന്ധ്യയോടെ പുഴ കടന്നെത്തിയ കാട്ടാനക്കൂട്ടം സമീപത്തെ ജനവാസ മേഖലയിലേക്ക് കടക്കാൻ ശ്രമിക്കുന്നത് കണ്ട് സമീപവാസികൾ വനപാലക സംഘത്തിന്റെ സഹായം തേടി .

കുളത്തൂപ്പുഴ വനം റേഞ്ച് ഓഫീസർ അരുൺ രാജേന്ദ്രനെ വിവരം അറിയിച്ചതിനെ തുടർന്ന് സ്ഥലത്തെത്തിയ വെങ്കല്ല ചങ്കിലി സെക്ഷൻ വനപാലകർ അയ അജിത് കുമാർ ,അശ്വതി, എന്നിവർ സ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി.

തുടർന്ന് വനംവകുപ്പ് ഉദ്യോഗസ്ഥരായ രാജേന്ദ്രൻ പിള്ള, സന്ദീപ് ,പ്രദീപ്, വിനോദ്, എന്നിവരുടെ സഹായം തേടുകയായിരുന്നു .അവർഎത്തി പടക്കം പൊട്ടിച്ചും ശബ്ദമുണ്ടാക്കിയും ഏറെ നേരത്തെ പരിശ്രമത്തിനൊടുവിൽ കാട്ടാനക്കൂട്ടത്തെ വനത്തിനുള്ളിലേക്ക് തുരത്തി .

പുലർച്ചെ ജോലിക്ക് പോകുന്നവരും പത്രം വിതരണം ചെയ്യുന്നവരും മത്സ്യ വില്പനയ്ക്ക് പോകുന്നവരും ഭീതിയോടെയാണ് ഈ പ്രദേശത്തുകൂടി കടന്നുപോകുന്നത് .പലപ്പോഴും വന്യമൃഗങ്ങളുടെ മുന്നിൽ നിന്നും പ്രദേശവാസികൾ ഭാഗ്യം കൊണ്ടാണ് രക്ഷപ്പെടുന്നത് .

പ്രദേശത്തെ ജനങ്ങളുടെ സൈ്വര്യജീവിതം തടസപ്പെടുത്തുന്ന കാട്ടുമൃഗങ്ങളെ നിയന്ത്രിക്കുന്നതിന് ആവശ്യമായ സ്വത്വര നടപടികൾ വന വകുപ്പും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെയും ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് നാട്ടുകാരുടെ ആവശ്യം .കുളത്തൂപ്പുഴ ടൗണിനോട് ചേർന്ന് കിടക്കുന്ന പ്രദേശത്ത് ഏത് സമയത്തും കാട്ടുപോത്തുക്കൾ സൈ്വര്യ സഞ്ചാരം നടത്തുകയാണ് .കുളത്തൂപ്പുഴ ,തെന്മല മലയോര പാതയിൽ രാവിലെ യാത്ര ചെയ്യുന്നവർ കാട്ടുപോത്തിന്റെ മുന്നിൽ ചെന്ന് പെടുന്നതും വാഹനങ്ങൾക്ക് മുൻപിൽ കാട്ടുപോത്തെത്തുന്നതും പതിവ് സംഭവങ്ങളാണ് ഭാഗ്യം കൊണ്ടു മാത്രമാണ് അപകടങ്ങളിൽ നിന്നും യാത്രക്കാർ രക്ഷപ്പെടുന്നത് .

കഴിഞ്ഞദിവസം രാവിലെ കുളത്തൂപ്പുഴ കെഎസ്ആർടിസി ഡിപ്പോയിലേക്ക് ഡ്യൂട്ടിക്ക് വന്ന കടമാൻകോട് സ്വദേശി അനൂപ് മാർത്താണ്ഡത്തിന്റെ വാഹനത്തിനുനേരെ കാട്ടുപന്നി കുറുകെ ചാടുകയും വൻ അപകടം സംഭവിക്കുകയും ചെയ്തു. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റത്തിന് തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

# പാർട്ടിയിലെ വിഭാഗീയത പരിഹരിക്കാൻ പ്രത്യേക ശൈലി: എം.എ. ബേബി

കൊല്ലം: പാർട്ടിയിലെ വിഭാഗീയത പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സിപിഎമ്മിന് അതിന്റെതായ ശൈലിയുണ്ടെന്ന് പോളിറ്റ് ബ്യൂറോ അംഗം എം.എ .ബേബി. സിപിഎം ജില്ലാ സമ്മേളന പ്രതിനിധി സമ്മേളനം കൊട്ടിയത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സിപിഎം സമ്മേളനങ്ങളിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ സംഘടനാ സ്വഭാവത്തിന് നിരക്കാത്ത ചെറിയ വ്യതിചലനങ്ങൾ ഉണ്ടായിട്ടുണ്ട്. അത് മഹാ സംഭവമായാണ് ചില മാധ്യമങ്ങൾ അടക്കം അവതരിപ്പിക്കുന്നത്. ജനാധിപത്യം ചാർത്തിക്കൊടുത്ത പാർട്ടികളേക്കാൾ മെച്ചമായാണ് സിപിഎം പ്രവർത്തിക്കുന്നതെന്ന സത്യം എല്ലാവരും മറക്കുകയാണ്.ഇന്ത്യൻ നാഷണൽ കോൺഗ്രസിൽസംഘടനാ തെരഞ്ഞെടുപ്പ് നടന്നത് 1991 ലാണ്. സിപിഎം മൂന്നു വർഷം കൂടുമ്പോൾ സമ്മേളനം നടത്തി വീഴ്ചകളും നേട്ടങ്ങളും ചർച്ചചെയ്യും. ഇത് മറ്റെവിടെയാണ് കാണാനാകുകയെന്ന് അദ്ദേഹം ചോദിച്ചു.

പാർട്ടിയെയും സർക്കാരിനെയും മാധ്യമങ്ങളും മറ്റ് പാർട്ടികളും ചില തീവ്രവാദ സംഘടനകളും ചേർന്ന് കടന്നാക്രമിക്കുകയാണ്. സംഘടിതമായി പ്രവർത്തിക്കാൻ തുടങ്ങിയ കാലംമുതൽ കമ്യൂണിസ്റ്റുകാർക്കെതിരേ കടന്നാക്രമണവും തുടങ്ങിയിരുന്നു. ഇതിന്റെ തുടർച്ചയാണ് എൽഡിഎഫ് സർക്കാരിനെതിരേ അസത്യം പ്രചരിപ്പിക്കുന്നതിൽ തീവ്രവാദ സംഘടനകളും യുഡിഎഫും ബിജെപിയും മൽസരിക്കുന്നത്.

കേരളത്തിന്റെയും രാജ്യത്തിന്റെയും ഭാവിക്ക് ഇടതുപക്ഷ സർക്കാരിനെ സംരക്ഷിക്കണം. ആർഎസ്എസിന്റെ ഫാസിസ്റ്റ് സ്വഭാവം ഇന്ത്യയിലെ ജനങ്ങളെ ഭിന്നിപ്പിക്കുന്നതാണ്. ഇതിനെതിരേ പ്രതികരിക്കാനും പ്രതിരോധിക്കാനും കോൺഗ്രസിനാവുന്നില്ല. ആർഎസ്എസുമായി ഒളിഞ്ഞും തെളിഞ്ഞും കോൺഗ്രസ് സഹകരിക്കുന്നതായാണ് കാണുന്നത്.

ഉന്നത വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനങ്ങൾ തടസപ്പെടുത്തുന്ന നിലപാടാണ് ഗവർണറുടെ ഭാഗത്തുനിന്നു ഉണ്ടാകുന്നത്. ചാൻസിലർ സ്ഥാനത്ത് നിന്നും ഗവർണറെ നീക്കം ചെയ്യുന്നതിനായുള്ള നിയമനിർമാണം നടത്തിയതിന്റെ ഫയൽ രാഷ്ട്രപതിക്ക് അയച്ച് വച്ചു താമസിപ്പിക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്.കേരള പിറവിക്കു ശേഷം ഉള്ള 70 വർഷത്തെ ഭരണത്തിൽ പല ഘട്ടങ്ങളിലായി 30 വർഷം കേരളം ഭരിച്ചത് എൽഡിഎഫ് ആണ്. 2026ലെ തെരഞ്ഞെടുപ്പിലും കേരളത്തിൽ ഇടതുപക്ഷ സർക്കാരിന്റെ തുടർച്ചയുണ്ടാവണം. ഇതിനായി ഒന്നും രണ്ടും പിണറായി സർക്കാരിന്റെ നേട്ടങ്ങൾ വിശദീകരിക്കാൻ വരുംനാളിൽ പാർട്ടി നേതാക്കളും പ്രവർത്തകരും ജനങ്ങളിലേക്ക് ഇറങ്ങണം. എല്ലാ വിഭാഗം ജനങ്ങളുമായി ഉറ്റ ബന്ധം സ്ഥാപിക്കുകയും വേണം.അപകടകരമായ പാതയിലാണ് ആർഎസ്എസും ബിജെപിയും മുന്നോട്ടുപോകുന്നത്. ഭരണഘടനാ സ്ഥാപനങ്ങളെ വരുതിയിലാക്കാൻ അവർ ശ്രമിക്കുന്നു. ഇതൊന്നും രാജ്യത്തെ പ്രധാന പ്രതിപക്ഷ പാർട്ടിക്ക് ഒരുപ്രശ്നമല്ല. രാഷ്ട്രീയ കെൽപ്പില്ലാത്ത ഒന്നായി രാജ്യത്തെ പ്രധാനപ്രതിപക്ഷ പാർട്ടി മാറി.വിജയത്തിന്റെ വക്കിൽനിന്നും പരാജയം ഏറ്റുവാങ്ങുന്ന രാഷ്ട്രീയ നേതൃത്വമാണ് കോൺഗ്രസിനുള്ളത്. രാജ്യം അപകടകരമായ അവസ്ഥയിലാണെന്നും എം.എ. ബേബി പറഞ്ഞു.

# ഉമർഫൈസി മുക്കം അധിക്ഷേപിച്ചു: സമസ്ത മുശാവറ യോഗത്തിൽ നിന്ന് ജിഫ്രി മുത്തുകോയ തങ്ങൾ ഇറങ്ങിപ്പോയി

കോഴിക്കോട്: സമസ്തയിലെ ലീഗ് വിരുദ്ധ ചേരിക്കാരനായ ഉമർ ഫൈസി മുക്കം നടത്തിയ അധിക്ഷേപ പരാമർശത്തിൽ കുപിതനായി സമസ്ത മുശാവറ യോഗത്തിൽ നിന്ന് അധ്യക്ഷൻ ജിഫ്രി മുത്തുകോയ തങ്ങൾ ഇറങ്ങിപ്പോയി. അധ്യക്ഷൻ ഇറങ്ങിപ്പോയതിന് പിന്നാലെ ഉപാധ്യക്ഷൻ മുശാവറ യോഗം പിരിച്ചുവിട്ടു.

ഇന്ന് ചേർന്ന യോഗത്തിൽ ഉമർ ഫൈസി മുക്കവുമായി ബന്ധപ്പെട്ട പരാതികൾ ചർച്ചക്ക് വന്നപ്പോഴാണ് സംഭവം. ഇന്ന് യോഗം തുടങ്ങിയപ്പോൾ തന്നെ ഈ വിഷയം ചർച്ച ചെയ്യുമ്പോൾ ഉമർ ഫൈസി മുക്കം യോഗത്തിൽ നിന്ന് മാറിനിൽക്കണമെന്ന് യോഗാധ്യക്ഷനായ ജിഫ്രി തങ്ങൾ ആവശ്യപ്പെട്ടിരുന്നു.പിന്നീട് അജണ്ടയിലെ മറ്റ് വിഷയങ്ങൾ ചർച്ച ചെയ്ത ശേഷം ഉമർ ഫൈസി മുക്കവുമായി ബന്ധപ്പെട്ട കാര്യം ചർച്ചയ്ക്ക് വന്നപ്പോൾ അദ്ദേഹത്തോട് യോഗത്തിൽ നിന്ന് മാറിനിൽക്കാൻ ജിഫ്രി തങ്ങൾ ആവശ്യപ്പെട്ടു. എന്നാൽ ഉമർ ഫൈസി മുക്കം ഇതിന് തയ്യാറായില്ല.ജിഫ്രി തങ്ങളുടെ ആവശ്യം നിരാകരിച്ച് യോഗത്തിൽ സംസാരിച്ച ഉമർ ഫൈസി കള്ളന്മാർ എന്ന പദപ്രയോഗം നടത്തിയതോടെയാണ് കുപിതനായി ജിഫ്രി തങ്ങൾ യോഗത്തിൽ നിന്ന് ഇറങ്ങിപ്പോയത്.

# കുപ്രസിദ്ധ മയക്കുമരുന്ന് കടത്തുകാരൻ 23 കിലോ കഞ്ചാവുമായി പിടിയിൽ

തൃശൂർ: കൊടകരയിൽ കുപ്രസിദ്ധ മയക്കുമരുന്ന് കടത്തുകാരൻ 23 കിലോ കഞ്ചാവുമായി പിടിയിൽ. മാള പൂപ്പത്തി സ്വദേശി നെടുംപറമ്പിൽ വീട്ടിൽ ഷാജി എന്ന പൂപ്പത്തി ഷാജി (66) ആണ് പിടിയിലായത്.അൻപതിലേറെ ലഹരി മരുന്ന് കേസുകളിൽ പ്രതിയാണ് ഷാജി. കഞ്ചാവ് കടത്തിയതിന് ഏഴര വർഷം കഠിന തടവിനും 75000 രൂപ പിഴയടക്കാനും ശിക്ഷിക്കപ്പെട്ട ഇയാൾ അപ്പീൽ ഹർജി സമർപ്പിച്ച് ജാമ്യത്തിൽ കഴിയുമ്പോഴാണ് വീണ്ടും പിടിയിലായത്.കൊടകരയിൽ ദേശീയപാതയോട് ചേർന്ന ബസ് സ്റ്റോപ്പിന് സമീപം സംശയാസ്പദമായി കണ്ടപ്പോഴാണ് ഇയാളെ പരിശോധിച്ചത്. കൊടകരയിൽ ബസിൽ വന്നിറങ്ങിയ ഷാജി ഓട്ടോറിക്ഷ കാത്ത് നിൽക്കുകയായിരുന്നു. ഇയാളുടെ കൈയ്യിൽ ഒരു ഷോൾഡർ ബാഗും വലിയ ബാഗും ഉണ്ടായിരുന്നു.പോലീസിനെ കണ്ടപ്പോൾ ബാഗ് ഒളിപ്പിക്കാൻ പ്രതി ശ്രമിച്ചു. ഇതോടെ പോലീസ് ബാഗുകൾ തുറന്ന് പരിശോധിച്ചപ്പോഴാണ് കഞ്ചാവ് കണ്ടെത്തിയത്.

# തൃപ്പൂണിത്തുറയിലെ ആനയെഴുന്നള്ളിപ്പ്; ദേവസ്വം ഓഫീസർക്കെതിരെ കോടതിയലക്ഷ്യ നടപടി

കൊച്ചി: തൃപ്പൂണിത്തുറ ശ്രീ പൂർണത്രയീശ ക്ഷേത്രോത്സവത്തിൽ മാർഗനിർദേശങ്ങൾ പാലിക്കാതെ ആനകളെ എഴുന്നള്ളിച്ചതിൽ ദേവസ്വം ഓഫീസറുടെ സത്യവാംഗ്മൂലം അംഗീകരിക്കാൻ കഴിയില്ലെന്ന് ഹൈക്കോടതി. ദേവസ്വം ഓഫീസർ രഘുരാമനെതിരെ ഹൈക്കോടതി കോടതിയലക്ഷ്യ നടപടികളും സ്വീകരിച്ചു.

തൃപ്പൂണിത്തുറ ശ്രീ പൂർണത്രയീശ ക്ഷേത്രോത്സവത്തിൽ കോടതി ഉത്തരവിന്റെ സമ്പൂർണ ലംഘനമാണുണ്ടായതെന്നു വിലയിരുത്തിയ ഡിവിഷൻ ബെഞ്ചാണ് തൃപ്പൂണിത്തുറ ദേവസ്വം ഓഫീസർ രഘുരാമനിൽനിന്നു വിശദീകരണം തേടിയത്.കോടതിവിധിയെ ധിക്കരിക്കുന്ന വിധത്തിൽ പ്രവർത്തിച്ചിട്ടില്ലെന്നും മഴ പെയ്തപ്പോൾ തെക്കും വടക്കുമായി നിന്ന ആനകളെ പന്തലിലേക്ക് മാറ്റി നിർത്തുകമാത്രമാണ് ചെയ്തതെന്നുമാണ് സത്യവാംഗ്മൂലത്തിൽ ചൂണ്ടിക്കാട്ടിയത്.ഇത് പരിഗണിച്ച കോടതി മാർഗനിർദേശങ്ങൾ ധിക്കരിക്കാൻ ആരാണ് പറഞ്ഞതെന്നും ചോദിച്ചു. കോടതി ഉത്തരവ് ലംഘിച്ച് ചില ഭക്തർ പറയുന്നതുപോലെയാണോ ചെയ്യേണ്ടതെന്നും കോടതി ചോദിച്ചു.

നിങ്ങൾക്ക് പിന്നിൽ ആരാണെന്നും പിന്നിൽ ആളില്ലാതെ നിങ്ങൾക്കിങ്ങനെ ചെയ്യാൻ കഴിയില്ലല്ലോയെന്നും കോടതി ചോദിച്ചു. തുടർന്ന് കോടതിയലക്ഷ്യത്തിന് ദേവസ്വം ഓഫീസർക്കെതിരെ നോട്ടീസും അയച്ചു. കേസ് ജനുവരി മൂന്നിന് വീണ്ടും പരിഗണിക്കും.

# ബി.ഫാം പ്രവേശനം: അപേക്ഷ ക്ഷണിച്ചു

കേരളത്തിലെ വിവിധ സർക്കാർ / സ്വകാര്യ ഫാർമസി കോളേജുകളിലെ 2024-25 അദ്ധ്യയന വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. ലാറ്ററൽ എൻട്രി മുഖേന ബി.ഫാം കോഴ്സിനു പ്രവേശനം ആഗ്രഹിക്കുന്നവർ പ്രവേശന പരീക്ഷാ കമ്മീഷണർ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ എഴുതി യോഗ്യത നേടേണം. ബി.ഫാം (ലാറ്ററൽ എൻട്രി) 2024 കോഴ്സിലേക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഡിസംബർ 16 വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. പ്രോസ്പെക്ടസ് ക്ലോസ് 7.3.5, 7.3.6 ൽ പറഞ്ഞിട്ടുള്ള സർട്ടിഫിക്കറ്റ് / അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യണം. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in. ഫോൺ : 0471 2525300.

# പ്ലേസ്മെന്റ് ഡ്രൈവ്

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം സ്വകാര്യ സ്ഥാപനവുമായി സംയോജിച്ച് പട്ടികജാതി / വർഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് വേണ്ടി ഡിസംബർ 19 ന് സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നു. താൽപര്യമുള്ള ഉദ്യോഗാർഥികൾ 18 ന് ഉച്ചക്ക് 1 മണിക്ക് മുൻപായി https://forms.gle/6fiYLntYEk7LFytZ9 ഗൂഗിൾ ലിങ്കിൽ പേര് രജിസ്റ്റർ ചെയ്യണം. ലിങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾ ബയോഡാറ്റയും വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം ഡിസംബർ 19 ന് രാവിലെ 10 മണിക്ക് എസ്.സി/എസ്.ടി നാഷണൽ കരിയർ സർവീസ് സെന്റർ, സംഗീത കോളേജിനു പിൻവശം, തൈക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനത്തിലെത്തി നേരിട്ട് ഇന്റർവ്യൂവിന് ഹാജരാകണം. ഒഴിവ് സംബന്ധമായ വിശദവിവരങ്ങൾക്ക് 'NATIONAL CAREER SERVICE CENTRE FOR SC/ST's Trivandrum" എന്ന ഫേസ്ബുക്ക് പേജ് സന്ദർശിക്കുക. ഫോൺ: 0471 2332113.

# സീനിയർ റസിഡന്റ് അഭിമുഖം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പീഡിയാട്രിക് കാർഡിയാക് അനസ്തേഷ്യ വിഭാഗത്തിൽ സീനിയർ റസിഡന്റ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് ഡിസംബർ 16 ന് അഭിമുഖം നടത്തും. അനസ്തേഷ്യയിലുള്ള പി ജിയാണ് യോഗ്യത. റ്റി.സി.എം.സി രജിസ്ട്രേഷൻ അഭികാമ്യം.

താല്പര്യമുള്ളവർ ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ബയോഡാറ്റ എന്നിവ സഹിതം രാവിലെ 11 ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം. അപേക്ഷകർ അപേക്ഷിക്കുന്ന തസ്തികയുടെ പേര്, അപേക്ഷകന്റെ / യുടെ മേൽവിലാസം, ഇമെയിൽ വിലാസം, മൊബൈൽ നമ്പർ എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തണം.

# താൽപര്യപത്രം ക്ഷണിച്ചു

വനിതാ ശിശുവികസന വകുപ്പിന്റെ 2024-25 സാമ്പത്തിക വർഷത്തിലെ നവമാധ്യമങ്ങളിലൂടെ ബോധവത്കരണപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഓഡിയോ, വീഡിയോ പോസ്റ്ററുകൾ, ഹ്രസ്വചിത്രങ്ങൾ, ബ്രോഷറുകൾ മറ്റ് ക്രിയേറ്റീവുകൾ എന്നിവ തയ്യാറാക്കി നൽകുന്നതിനായി പിആർഡി അംഗീകൃത എംപാനൽഡ് ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചു. വിശദവിവരങ്ങൾ https://wcd.kerala.gov.in ൽ ലഭ്യമാണ്. ഏജൻസികളിൽ നിന്നുള്ള താല്പര്യപത്രം ഡിസംബർ 7 മുതൽ 14 ദിവസത്തിനകം തപാലായോ ഇ-മെയിലായോ നേരിട്ടോ ഡയറക്ടർ, വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റ്, പൂജപ്പുര, തിരുവനന്തപുരം പിൻ 695012 വിലാസത്തിൽ ലഭ്യമാക്കണം. ഇമെയിൽ: directorate.wcd@kerala.gov.in.

# വിവേചനങ്ങൾക്കെതിരെ പോരാട്ടം തുടരണമെന്ന് സ്റ്റാലിൻ; കേരളവും തമിഴ്നാടും പരസ്പരം കൈത്താങ്ങാവുകയാണെന്ന് പിണറായി

വൈക്കം: സമൂഹത്തിലെ വിവേചനങ്ങൾക്കെതിരായ പോരാട്ടം തുടരണമെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ. എല്ലാ വേർതിരിവും നിയമം കൊണ്ടു മാറ്റാനാകില്ല. ജനങ്ങളുടെ മനസും മാറണം. എന്തു വില കൊടുത്തും സമത്വ സമൂഹം സ്ഥാപിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തമിഴ്നാട് സർക്കാരിന്റെ വൈക്കം സത്യാഗ്രഹ ശതാബ്ദി ആഘോഷങ്ങൾക്ക് സമാപനം കുറിക്കുന്ന പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

1924 ൽ പെരിയാറെ അറസ്റ്റ് ചെയ്ത അതേ വൈക്കത്തു തന്നെ പെരിയാറിന്റെ പ്രതിമ ഉയർന്നിരിക്കുകയാണ്. ഇതാണ് പെരിയാറിന്റെ വിജയം. ഇത് ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട ദിവസമാണ്. ഈ കാഴ്ച കാണാൻ കലൈഞ്ജർ കരുണാനിധി ഇല്ല എന്ന വിഷമം ഉണ്ടെന്നും സ്റ്റാലിൻ പറഞ്ഞു.

തന്തൈ പെരിയാറിന്റെ സ്മാരകം എന്ന സ്വപ്നം യാഥാർഥ്യമാക്കിയത് കേരളവും തമിഴ്നാടും ഒരുമിച്ചു നിന്നാണ്. സ്മാരകത്തിന്റെ നിർമാണത്തിലുടനീളം മുഖ്യമന്ത്രി പിണറായി വിജയൻ പിന്തുണച്ചെന്നും നന്ദി അറിയിക്കുന്നതായും സ്റ്റാലിൻ പറഞ്ഞു.

അതേസമയം, ത്യാഗോജ്വലമായ ജീവിതമാണ് തന്തൈ പെരിയാറിൻറേതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വൈക്കം സത്യാഗ്രഹത്തിൽ തുടങ്ങിയ സഹവർത്തിത്വമാണ് കേരളവും തമിഴ്നാടും ഇന്നും തുടരുന്നതെന്നും പിണറായി അധ്യക്ഷപ്രസംഗത്തിൽ കൂട്ടിച്ചേർത്തു.

വൈക്കം ക്ഷേത്രത്തിന് ചുറ്റുമുള്ള വഴിയിലൂടെ നടക്കാൻ അവകാശമില്ലാതിരുന്നത് ഇന്നാട്ടുകാരായ മലയാളികൾക്കായിരുന്നു. ഈ പ്രശ്നത്തെ കേവലം മലയാളികളുടെയോ തിരുവിതാംകൂറിന്റെയോ ഒക്കെ പ്രശ്നമായി ചുരുക്കിക്കാണുകയല്ല പെരിയാറും മറ്റ് സമരനേതാക്കളും കണ്ടത്. രാജ്യത്തിലെ ജനങ്ങളുടെയാകെ പ്രശ്നമായാണ് അവർ കണ്ടത്. അതിർവരമ്പുകൾക്കതീതമായ സഹവർത്തിത്വവും സഹകരണവുമാണ് വൈക്കം സത്യാഗ്രഹത്തിൽ നമുക്ക് കാണാൻ കഴിയുന്നത്. ആ സഹവർത്തിത്വവും സഹകരണവും തുടർന്നുകൊണ്ടുപോവുകയാണ് കേരളവും തമിഴ്നാടുമെന്നും പിണറായി വിജയൻ ചൂണ്ടിക്കാട്ടി.

കേന്ദ്ര അവഗണനയ്ക്കെതിരെ സംസ്ഥാനങ്ങൾക്ക് ഒരുമിച്ച് നിൽക്കണമെന്നും പിണറായി വിജയൻ ആവശ്യപ്പെട്ടു. സംസ്ഥാനങ്ങളുടെ സാമ്പത്തിക അവകാശങ്ങൾക്ക് മേൽ നിരന്തര കൈകടത്തലുകൾക്കെതിരെ ഒന്നിച്ചു നിൽക്കണം. കേരളവും തമിഴ്നാടും പരസ്പരം കൈത്താങ്ങാവുകയാണെന്നും സഹകരണ ഫെഡറലിസത്തിന്റെ യഥാർഥ ദൃഷ്ടാന്തമാണ് ഇരു സംസ്ഥാനങ്ങളും മുന്നോട്ടുവയ്ക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി വൈക്കത്തെ നവീകരിച്ച തന്തൈ പെരിയാർ സ്മാരകവും ഗ്രന്ഥശാലയും ഇരു മുഖ്യമന്ത്രിമാരും ചേർന്ന് ഉദ്ഘാടനം ചെയ്തു. പിന്നാലെ ഇരുവരും പെരിയാർ മ്യൂസിയത്തിൽ സന്ദർശനം നടത്തി.

തമിഴ്നാട്ടിൽ നിന്നും ദ്രാവിഡ കഴകം അധ്യക്ഷൻ കെ. വീരമണി, തമിഴ്നാട് മന്ത്രിമാരായ ദുരൈ മുരുഗൻ, ഇ.വി. വേലു, എം.പി. സ്വാമിനാഥൻ, വിസികെ അധ്യക്ഷൻ തീരുമാവളവൻ എംപി, കേരള മന്ത്രിമാരായ സജി ചെറിയാൻ, വി.എൻ. വാസവൻ, ഫ്രാൻസിസ് ജോർജ് എംപി, സി.കെ. ആശ എംഎൽഎ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# ഓഡിയോ പ്രൊഡക്ഷൻ ഡിപ്ലോമ കോഴ്സ്

കേരള മീഡിയ അക്കാദമി കൊച്ചി, തിരുവനന്തപുരം സെന്ററുകളിൽ നടത്തുന്ന ഓഡിയോ പ്രൊഡക്ഷൻ ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. റേഡിയോ അവതരണം (റേഡിയോ ജോക്കി), പോഡ്കാസ്റ്റിംഗ്, ഡബ്ബിംഗ്, ഓഡിയോ എഡിറ്റിംഗ്, മിക്സിംഗ് ആൻഡ് മാസ്റ്ററിംഗ് തുടങ്ങിയ മേഖലകളിൽ വിദഗ്ധ പരിശീലനം നൽകുന്ന കോഴ്സിന്റെ കാലാവധി രണ്ടര മാസമാണ്. പ്രായപരിധി ഇല്ല. ഓരോ സെന്ററിലും 10 സീറ്റുകൾ വീതം ഉണ്ട്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 15,000 രൂപയാണ് ഫീസ്. പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് www.keralamediaacademy.org വെബ്സൈറ്റിലൂടെ ഓൺലൈനായി ഡിസംബർ 27 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് : 0484-2422275, 0471-2726275, 9744844522, 7907703499.

# ധനുഷിന്റെ ഹർജിയിൽ നയൻതാര മറുപടി നൽകണമെന്ന് മദ്രാസ് ഹൈക്കോടതി

ചെന്നൈ: പകർപ്പവകാശം ലംഘിച്ചുവെന്ന് ചൂണ്ടിക്കാട്ടി നടനും നിർമാതാവുമായ ധനുഷ് നൽകിയ ഹർജിയിൽ ജനുവരി എട്ടിനകം നയൻതാര മറുപടി നൽകണമെന്ന് മദ്രാസ് ഹൈക്കോടതി. നയൻതാര, ഭർത്താവ് വിഗ്നേഷ് ശിവൻ, ഡോക്യുമെൻററി പ്രദർശിപ്പിച്ച നെറ്റ്ഫ്ലിക്സ് എന്നിവരിൽ നിന്ന് കോടതി മറുപടി ആവശ്യപ്പെട്ടത്.

നയൻതാരയുടെ ജീവിതകഥ പറയുന്ന ‘നയൻതാര: ബിയോണ്ട് ദി ഫെയറി ടെയ്ൽ’ എന്ന നെറ്റ്ഫ്ലിക്സ് ഡോക്യുമെൻററിയിൽ തമിഴ് ചിത്രമായ ‘നാനും റൗഡി താൻ’ എന്ന ചിത്രത്തിലെ ചില ദൃശ്യങ്ങൾ ഉപയോഗിച്ചെന്ന് കാണിച്ചാണ് നയൻതാരയ്ക്കെതിരേ ധനുഷ് ഹൈക്കോടതിയെ സമീപിച്ചത്.ബിയോണ്ട് ദി ഫെയറി ടെയ്ൽ എന്ന ഡോക്യുമെൻററിക്കായി നാനും റൗഡി താൻ എന്ന ചിത്രത്തിൽ നിന്നുള്ള ദൃശ്യങ്ങൾ ഉപയോഗിക്കുന്നതിന് എൻഒസി നൽകാത്തതിനെ കുറിച്ച് ധനുഷിനെതിരെ നയൻതാര തുറന്ന കത്തിലൂടെ ആഞ്ഞടിച്ചിരുന്നു.

പിന്നീട് ചിത്രത്തിലെ മൂന്ന് സെക്കൻഡ് ദൈർഘ്യമുള്ള ദൃശ്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് നെറ്റ്ഫ്ലിക്സിൽ ഡോക്യുമെൻററി റീലീസ് ചെയ്തത്. ഇതിനുപിന്നാലെയാണ് ധനുഷ് കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്നത്.നവംബർ 18ന് ആയിരുന്നു നയൻതാര- വിഘ്നേഷ് ദമ്പതികളുടെ ബിയോണ്ട് ദി ഫെയറിടെയിൽ എന്ന പേരിലുള്ള ഡോക്യുമെൻററി വീഡിയോ നെറ്റ്ഫ്ലിക്സ് പുറത്തുവിട്ടത്.

# മൂന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

പ്രൊഫഷണൽ ഡിപ്ലോമാ ഇൻ ഫാർമസി, ഹെൽത്ത് ഇൻസ്പെക്ടർ, മറ്റ് പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ മൂന്നാം ഘട്ട അലോട്ട്മെന്റ് www.lbscentre.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ വെബ്സൈറ്റിൽ നിന്നും പ്രിന്റെടുത്ത ഫീ പെയ്മെന്റ് സ്ലിപ്പ് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖയിൽ ഹാജരാക്കി ഡിസംബർ 16 നകം ഫീസ് അടയ്ക്കണം. ഓൺലൈനായും ഫീസ് അടയ്ക്കാം. എൽ.ബി.എസ്സ് അലോട്ട്മെന്റുകൾ വഴി അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ച എല്ലാ അപേക്ഷകരും ഡിസംബർ 17 നകം അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം അതത് കോളേജുകളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടണം. കോളേജ് പ്രവേശനം നേടാത്തവർക്ക് അലോട്ട്മെന്റ് നഷ്ടപ്പെടും. കൂടുതൽ വിവരങ്ങൾക്ക് 0471 2560362, 363, 364.

# റേഷൻകാർഡ് തരം മാറ്റുന്നതിന് അപേക്ഷിക്കാം

പൊതുവിഭാഗം റേഷൻ കാർഡുകൾ (വെള്ള, നീല) പി.എച്ച്.എച്ച് വിഭാഗത്തിലേക്ക് (പിങ്ക് കാർഡ്) തരം മാറ്റുന്നതിന് ഡിസംബർ 25 വരെ അപേക്ഷ സമർപ്പിക്കാം. കാർഡുടമകൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം അംഗീകൃത അക്ഷയ കേന്ദ്രങ്ങൾ വഴിയോ സിറ്റിസൺ ലോഗിൻ പോർട്ടൽ (ecitizen.civilsupplieskerala.gov.in) വഴിയോ അപേക്ഷ സമർപ്പിക്കാം.

# കേരള ജുഡീഷ്യൽ സർവീസ് മെറിറ്റ് ലിസ്റ്റ്

കേരള ജുഡീഷ്യൽ സർവീസ് പരീക്ഷ മെറിറ്റ് ലിസ്റ്റ് www.hckrecruitment.keralacourts.in ൽ പ്രസിദ്ധീകരിച്ചു.

# വയനാട് ദുരന്തം: കണക്കുകൾ സമ്മർപ്പിച്ച് കേരളം, സർക്കാരുകൾക്കിടയിൽ മധ്യസ്ഥത വഹിക്കാമെന്ന് ഹൈക്കോടതി

കൊച്ചി: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ഹൈക്കോടതിയിൽ സത്യവാംഗ്മൂലം സമർപ്പിച്ച് സർക്കാർ. സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് സംബന്ധിച്ച വിശദാംശങ്ങളാണ് സർക്കാർ സമർപ്പിച്ചത്.

എസ്ഡിആർഎഫിൽ 782.99 കോടി രൂപയാണ് ഒക്ടോബർ ഒന്ന് വരെ ഉണ്ടായിരുന്നതെന്ന് സർക്കാർ കോടതിയെ അറിയിച്ചു. എന്നാൽ ഡിസംബർ പത്ത് വരെ എസ്ഡിആർഎഫിൽ ഉണ്ടായിരുന്നത് 700.5 കോടി രൂപയാണ്. ഇത് സംസ്ഥാനത്തെ മുഴുവൻ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള തുകയാണ്. ഇത് ഉരുൾപൊട്ടൽ മേഖലയിൽ മാത്രം ചെലവഴിക്കാൻ സാധിക്കില്ലെന്നും സർക്കാർ അറിയിച്ചു.

700 കോടിയിൽ 471 കോടി സംസ്ഥാനത്തെ വിവിധ ആവശ്യങ്ങൾക്കായി കൊടുത്തുതീർക്കാനുള്ളതാണ്. 121 കോടി രൂപ കൂടി മറ്റ് ആവശ്യങ്ങൾക്കായി മാറ്റിവയ്ക്കേണ്ടതുണ്ട്. കണക്കിൽ 700 കോടി രൂപയുണ്ടെങ്കിലും ഇത് വയനാടിനായി മാത്രം ഉപയോഗിക്കാൻ കഴിയില്ല. പുനരധിവാസത്തിന് ഭൂമി വാങ്ങാൻ എസ്ഡിആർഎഫ് തുക ഉപയോഗിക്കാൻ ചട്ടം അനുവദിക്കുന്നില്ലെന്നും സർക്കാർ കോടതിയെ അറിയിച്ചു.

ടൗൺഷിപ്പ് അടക്കം നിർമിക്കാൻ അധികം തുക വേണം. സ്പോൺസർഷിപ്പിലൂടെ അടക്കം സിഎംഡിആർഎഫിൽ എത്തിയത് 682 കോടി രൂപയാണ്. എല്ലാ ചെലും കഴിഞ്ഞാൽ എസ്ഡിആർഎഫിൽ ഉള്ളത് 61 കോടി രൂപ മാത്രമാണെന്നും സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. അമിക്കസ്ക്യൂറിയും റിപ്പോർട്ട് നൽകി.

എസ്ഡിആർഎഫ് തുക കടലാസിൽ മാത്രമേ ഉള്ളുവെന്നാണ് ഇതിലൂടെ മനസിലാക്കുന്നതെന്ന് കോടതി പറഞ്ഞു. ഇക്കാര്യം കേന്ദ്രസർക്കാരിനെ കൂടി ബോധ്യപ്പെടുത്തി സംസ്ഥാന സർക്കാർ സഹായം ഉറപ്പാക്കണം.എസ്ഡിആർഎഫിലെ തുകയുടെ മുൻകൂടി നിശ്ചയിച്ച വിനിയോഗം, തുടർന്നുള്ള വിനിയോഗം, വയനാടിന് അധികമായി വേണ്ട തുക ഇവയെല്ലാം വിശദീകരിച്ച് റവന്യു പ്രിൻസിപ്പൽ സെക്രട്ടറി ഡിസംബർ 18ന് കോടതിയിൽ റിപ്പോർട്ട് നൽകണമെന്നും കോടതി ആവശ്യപ്പെട്ടു.

ഈ കണക്കുകൾ കേന്ദ്രത്തിന് കൈമാറാമെന്നും ക്രിസ്മസിനുശേഷം കണക്കുകളിൽ വ്യക്തത വരുത്തി സർക്കാരുകൾക്കിടയിൽ മധ്യസ്ഥത വഹിക്കാമെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.



വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിലെ ഓപ്പൺ എയർ ഓഡിറ്റോറിയം ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്യുന്നു.

# ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബില്ലിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം

ന്യൂഡൽഹി: രാജ്യത്ത് ലോക്സഭ, നിയമസഭ, തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്താനുള്ള 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' ബില്ലിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. ബില്ലുകൾ വെള്ളിയാഴ്ച ലോക്സഭയിൽ അവതരിപ്പിച്ചേക്കും.

നിലവിലുള്ള തെരഞ്ഞെടുപ്പ് നിയമങ്ങളിലെല്ലാം ഭേദഗതി വരുത്തിക്കൊണ്ടുള്ള സമഗ്രമായ ഒറ്റ നിയമം ശിപാർശ ചെയ്യുന്ന ബില്ലാകും അവതരിപ്പിക്കുക. 2029 ഓടെ രാജ്യത്ത് നിയമസഭ, പാർലമെൻറ് തെരഞ്ഞെടുപ്പുകൾ ഒറ്റത്തവണയാക്കാനാണ് ബില്ലിൽ ലക്ഷ്യമിടുന്നത്.

'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' സംവിധാനത്തെക്കുറിച്ച് പഠിക്കാൻ മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ നേതൃത്വത്തിലുള്ള സമിതിയെ രണ്ടാം മോദി സർക്കാരിന്റെ കാലത്ത് ചുമതലപ്പെടുത്തിയിരുന്നു. അടിക്കടി തെരഞ്ഞെടുപ്പു വരുന്നത് രാജ്യപുരോഗതിക്ക് വിഘാതമാകുന്നുവെന്ന് കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയിൽ നടത്തിയ പ്രസംഗത്തിലും പ്രധാനമന്ത്രി വ്യക്തമാക്കിയിരുന്നു.

ആദ്യഘട്ടമെന്ന നിലയിൽ ലോക്സഭയിലേക്കും നിയമസഭകളിലേക്കുമുള്ള തെരഞ്ഞെടുപ്പുകൾ ഒരുമിച്ചു നടത്തും. തുടർന്ന് നൂറു ദിവസത്തിനുള്ളിൽ തദ്ദേശസ്ഥാപനങ്ങളെ ഏകോപിപ്പിച്ച് ഒറ്റയടിക്ക് തെരഞ്ഞെടുപ്പ് നടത്തും. ഈകാര്യങ്ങൾ നിർദേശിച്ച് സമിതി കഴിഞ്ഞ മാർച്ചിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. സമിതിയുടെ റിപ്പോർട്ട് മന്ത്രിസഭ അംഗീകരിക്കുകയും ചെയ്തിരുന്നു.

അതേസമയം ബിൽ നടപ്പാക്കണമെങ്കിൽ കുറഞ്ഞത് ആറ് ഭരണഘടനാ ഭേദഗതികളെങ്കിലും വേണ്ടിവരും. കൂടാതെ പാർലമെൻറിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷവും ആവശ്യമാണ്. എന്നാൽ മൂന്നാം മോദി സർക്കാരിൽ ബിജെപിക്ക് ഒറ്റയ്ക്ക് ഭൂരിപക്ഷമില്ലാത്തതിനാൽ സംവിധാനം നടപ്പാക്കാൻ ബുദ്ധിമുട്ടാവുമെന്നും വിലയിരുത്തലുണ്ട്. തീരുമാനം നടപ്പാക്കുന്നതിന് ഘടകകക്ഷികളുടെ പിന്തുണ അത്യാവശ്യമാണ്.

# പാർലമെൻറിൽ കേന്ദ്രസർക്കാരിനെ രൂക്ഷമായി വിമർശിച്ച് ശശി തരൂർ

ന്യൂഡൽഹി: പാർലമെൻറിൽ കേന്ദ്രസർക്കാരിനെ രൂക്ഷമായി വിമർശിച്ച് കോൺഗ്രസ് എംപി ശശി തരൂർ. ദുരന്ത നിവാരണ ഭേദഗതി ബില്ലിലെ ചർച്ചക്കിടെയാണ് ശശി തരൂർ വിമർശനം ഉന്നയിച്ചത്.

വയനാട് വിഷയം അടക്കം ഉയർത്തിയാണ് ബില്ലിനെതിരെ തരൂർ അതിരൂക്ഷ വിമർശനം ഉന്നയിച്ചത്. ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായിയാണ് ബില്ല് അവതരിപ്പിച്ചത്. പുതിയ ബില്ല് തന്നെ ദുരന്തമെന്നായിരുന്നു ശശി തരൂർ പറഞ്ഞത്.സർക്കാർ എടുത്തു ചാടി ബിൽ അവതരിപ്പിക്കുകയാണെന്ന് ശശി തരൂർ വിമർശിച്ചു.

'വിദഗ്ദ പഠനം നടത്താതെയാണ് ബില്ല് കൊണ്ടുവന്നത്. വയനാടിൽ ഉണ്ടായത് സമാനതകളില്ലാത്ത ദുരന്തമാണ്. ഒരു പ്രദേശം തന്നെ ഇല്ലാതായി. 480 ലധികം പേർ മരിച്ചു. നിലവിലെ നിയമത്തിന് ഈ ദുരന്തത്തിൽ ഒന്നും ചെയ്യാനായില്ല. പുതിയ ബില്ലിനും ഇത്തരം ദുരന്തങ്ങളിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കില്ല'- ശശി തരൂർ പറഞ്ഞു.

വയനാട് ദുരന്ത സഹായം കേരളത്തിന് നിഷേധിക്കുന്ന കേന്ദ്ര സർക്കാർ നിലപാട് പ്രതിഷേധാർഹമാണെന്നും തരൂർ പറഞ്ഞു. ഇടക്കാല സഹായം അനുവദിക്കുന്നതിൽ വലിയ വീഴ്ചയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വയനാട്ടിലെ അതിതീവ്ര ദുരന്തമായി പ്രഖ്യാപിക്കണമെന്ന ആവശ്യം കേന്ദ്രം തള്ളിയ മട്ടാണ്. യാഥാർത്ഥ്യം തിരിച്ചറിയാനുള്ള കഴിവ് പുതിയ ബില്ലിനും ഇല്ല. മുണ്ടക്കൈ , ചൂരൽമല ദുരന്തം ഇനി രാജ്യത്തുണ്ടാകരുത്. കേരളം പോലെ പ്രളയ സാഹചര്യം ആവർത്തിക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്ന ഒന്നും പുതിയ ബില്ലിലില്ല. ദുരന്ത നിവാരണത്തിന് നിയമ പരിരക്ഷ ഉറപ്പ് വരുത്തുന്നില്ല, എംപിമാരെ കേൾക്കാൻ അവസരം നൽകുന്നില്ല, ബിൽ തിരികെ വയ്ക്കുന്നതാകും നല്ലതെന്നും തരൂർ പറഞ്ഞു.

# ഗതാഗത നിയന്ത്രണം

മലയിൻകീഴ് -അന്തിയൂർകോണം റോഡിൽ മലയിൻകീഴ് പോലീസ് സ്റ്റേഷനു മുൻവശത്ത് കലുങ്ക് പുതുക്കി പണിയുന്നതിനാൽ ഡിസംബർ 16 മുതൽ ജനുവരി 16 വരെ ഈ ഭാഗത്ത് ഭാഗിക ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കുമെന്ന് പൊതുമരാമത്ത് നിരത്തുകൾ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

# അഭിമുഖം

ചങ്ങനാശ്ശേരി കോമൺ ഫെസിലിറ്റി സർവീസ് സെന്റർ പ്രോജക്ട് അസിസ്റ്റന്റ്, റിസർച്ച് അസിസ്റ്റന്റ് തസ്തികകളിൽ ഡിസംബർ 16 രാവിലെ 10.30 ന് അഭിമുഖം നടത്തും. ബി.എസ്.സി പോളിമർ കെമിസ്ട്രി / എം.എസ്.സി പോളിമർ കെമിസ്ട്രി / പോളിമെർ ടെക്നോളജി ഡിപ്ലോമ / ബിടെക് പോളിമർ ടെക്നോളജിയാണ് യോഗ്യത. താൽപര്യമുള്ളവർ യോഗ്യതകളും പ്രായവും തെളിയിക്കുന്ന അസൽ രേഖകൾ സഹിതം ഇന്റർവ്യൂവിന് ഹാജരാകണം. ഫോൺ: 0481 2720311, 7907856226.

# കാബൂളിൽ ചാവേറാക്രമണം: താലിബാന്റെ അഭയാർഥികാര്യ മന്ത്രി കൊല്ലപ്പെട്ടു

കാബൂൾ: അഫ്ഗാനിസ്ഥാന്റെ തലസ്ഥാനമായ കാബൂളിൽ ചാവേറാക്രമണം. സ്ഫോടനത്തിൽ താലിബാന്റെ അഭയാർഥികാര്യ മന്ത്രി ഖലീൽ ഹഖാനി കൊല്ലപ്പെട്ടു.അഭയാർഥികാര്യ മന്ത്രാലയത്തിനുള്ളിലായിരുന്നു സ്ഫോടനം നടന്നത്. മന്ത്രാലയത്തിലെത്തിയ ഒരു അഭയാർഥി ചാവേറായി പൊട്ടിത്തെറിക്കുകയായിരുന്നു എന്നാണ് വിവരം. ഇന്ന് ഉച്ചയ്ക്ക് ശേഷമാണ് ചാവേറാക്രമണം നടന്നത്.താലിബാൻ അധികാരം പിടിച്ചെടുത്ത ശേഷം കൊല്ലപ്പെടുന്ന ആദ്യ പ്രമുഖ നേതാവാണ് ഖലീൽ ഹഖാനി. അഫ്ഗാൻ തലസ്ഥാനത്ത് നടന്ന ചാവേർ സ്ഫോടനത്തിൽ അഭയാർഥി മന്ത്രി കൊല്ലപ്പെട്ടതായി ആഭ്യന്തര മന്ത്രാലയ ഉദ്യോഗസ്ഥർ സ്ഥിരീകരിച്ചിട്ടുണ്ട്.ഖലീൽ ഹഖാനിയുടെ അംഗരക്ഷകനും മറ്റൊരാളും ആക്രമണത്തിൽ കൊല്ലപ്പെട്ടതായും റിപ്പോർട്ടുണ്ട്. ചാവേർ സ്ഫോടനത്തിൽ നിരവധി പേർക്ക് ഗുരുതരമായി പരിക്കേറ്റതായും വിവരമുണ്ട്. അതേസമയം സ്ഫോടനത്തിന്റെ ഉത്തരവാദിത്വം ഇതുവരെയും ആരും ഏറ്റെടുത്തിട്ടില്ല.

# അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം പിടിപി നഗർ ഐഎൽഡിഎം കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന സർവെയും ഭൂരേഖയും വകുപ്പിന്റെ ട്രെയിനിങ് സെന്ററായ സർവെ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് കേരള (ടാകഗ) യിൽ ആരംഭിക്കുന്ന ടോട്ടൽ സ്റ്റേഷൻ ആൻഡ് ജിപിഎസ് സർവെ കോഴ്സിലേക്ക് ഐടിഐ സർവെ / സിവിൽ, ചെയിൻ സർവെ, വി എച്ച് എസ് ഇ സർവെ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: 9961615876, 9446063062.

# കിസ്മസ് -പുതുവത്സര അവധി: മുബൈയിൽ നിന്ന് കേരളത്തിലേയ്ക്ക് സ്പെഷൽ ട്രെയിൻ പ്രഖ്യാപിച്ചു

മുബൈ: ക്രിസ്മസ് -പുതുവത്സര അവധിക്കാലത്തെ യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് മുബൈയിൽ നിന്ന് കേരളത്തിലേക്ക് സ്പെഷൽ ട്രെയിൻ പ്രഖ്യാപിച്ചു. മുബൈ എൽടിടിയിൽ നിന്നു തിരുവനന്തപുരം നോർത്തിലേക്കാണ് (കൊച്ചുവേളി) പ്രത്യേക പ്രതിവാര ട്രെയിൻ പ്രഖ്യാപിച്ചത്.

കോട്ടയം വഴിയായിരിക്കും ട്രെയിൻ സർവീസ് നടത്തുക. ഡിസംബർ 19,26, ജനുവരി രണ്ട്, ജനുവരി ഒമ്പത് തീയതികളിൽ വൈകുന്നേരം നാലിനായിരിക്കും മുബൈ എൽടിടിയിൽ നിന്ന് ട്രെയിൻ തിരുവനന്തപുരം നോർത്തിലേയ്ക്ക് പുറപ്പെടുക.

തിരിച്ച് തിരുവനന്തപുരം നോർത്തിൽ നിന്ന് നിന്ന് ഡിസംബർ 21,28, ജനുവരി നാല്, ജനുവരി 11 തീയതികളിൽ വൈകുന്നേരം 4.20ന് മുബൈ എൽടിടിയിലേക്കും ട്രെയിൻ പുറപ്പെടും.

# വിദ്യാർത്ഥികളെ തൊഴിൽ ദാതാക്കളാകാൻ സജ്ജമാക്കും: മന്ത്രി ഡോ. ആർ ബിന്ദു

വിദ്യാർത്ഥികളെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാകാൻ സജ്ജമാക്കുന്ന പ്രായോഗിക വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് സംസ്ഥാനം പിന്തുടരുന്നതെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു. തൊഴിൽ അഭിരുചിയും നൈപുണ്യവും വർദ്ധിപ്പിക്കുന്നതിനായി എക്സ്പീരിയൻഷ്യൽ ലേണിംഗ് പദ്ധതി നടപ്പാക്കിലാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിലെ ഓപ്പൺ എയർ ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

സാങ്കേതിക വിദ്യാഭ്യാസമേഖലയിലെ വിദ്യാർത്ഥികൾ സാമൂഹിക വെല്ലുവിളികൾക്കുള്ള സാങ്കേതിക പ്രതിവിധികൾ രൂപപ്പെടുത്തുന്നുണ്ട്. കൃഷി, വ്യവസായ, ആരോഗ്യ മേഖലകളിൽ ഇതിനോടകം നിരവധി പരിഹാരമാർഗങ്ങൾ കുട്ടികൾ അവതരിപ്പിച്ചിട്ടുണ്ട്. കേരള സാങ്കേതിക സർവകലാശാലയിൽ ആയിരം പദ്ധതികളാണ് എൻജിനീയറിംഗ് വിദ്യാർത്ഥികൾ ഏറ്റെടുത്തിട്ടുള്ളത്. നാടിന്റെ മുന്നേറ്റത്തിലേക്ക് നയിക്കുന്നവയാണവ. വിദ്യാഭ്യാസ മേഖലയിലെ മുന്നേറ്റത്തിലൂടെ ലോകം ഉറ്റുനോക്കുന്ന കേരള മാതൃകയുടെ രണ്ടാം അധ്യായമായ നവ വൈജ്ഞാനിക കേരളം സമ്പൂർണ അർത്ഥത്തിൽ സാക്ഷാത്കരിക്കപ്പെടണം.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ആറായിരം കോടിരൂപ ചിലവഴിച്ചിട്ടുണ്ട്. രണ്ടായിരം കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ കലാലയങ്ങളിൽ നടന്നു. രണ്ട് അക്കാദമിക് ബ്ലോക്കുകൾ, ലബോറട്ടറി ബ്ലോക്ക്, 17 സ്മാർട് ക്ലാസ് റൂമുകൾ, ലാബുകളുടെ നവീകരണം, ചുറ്റുമതിൽ നിർമാണം, മാലിന്യനിർമാർജന പദ്ധതി തുടങ്ങിയവക്കായി കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ 38 കോടി രൂപയാണ് വട്ടിയൂർക്കാവ് പോളിടെക്നിക്കിനായി സർക്കാർ ചിലവിട്ടത്. പുതുതായി നിർമ്മിച്ച ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ ഇന്റർലോക്ക് ടൈലുകൾ പാകിയ ഫ്ളോറും മേൽക്കൂരയും ക്രമീകരിക്കുന്നതിന് സർക്കാർ പിന്തുണക്കുമെന്നും മന്ത്രി പറഞ്ഞു. സ്ഥാപനത്തിന് എൻബിഎ, ഐഎസ്ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്ക് മന്ത്രി പ്രശംസാപത്രം സമ്മാനിച്ചു.

അഡ്വ. വി കെ പ്രശാന്ത് എം എൽ എ അദ്ധ്യക്ഷനായിരുന്ന ചടങ്ങിൽ പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യുട്ടീവ് എൻജിനിയർ അജയ് കുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രിഡ ചെയർമാൻ കെ സി വിക്രമൻ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടർ ഡോ സീമ കെ എൻ, പ്രിൻസിപ്പൽ ബീന എൽ എസ്, വിവിധ വകുപ്പ് തലവൻമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# ആരാധികയുടെ മരണം: എഫ്ഐആർ റദ്ദാക്കാൻ ആവശ്യപ്പെട്ട് അല്ലു അർജുൻ കോടതിയിൽ

ഹൈദരാബാദ്: പുഷ്പ -2 റിലീസിനിടെ തിക്കിലും തിരക്കിലുംപെട്ട് യുവതി മരിച്ച സംഭവത്തിൽ തനിക്കെതിരെ ഫയൽ ചെയ്ത എഫ്ഐആർ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് നടൻ അല്ലു അർജുൻ തെലുങ്കാന ഹൈക്കോടതിയെ സമീപിച്ചു. കേസിൽ കോടതി ഉടൻ വാദം കേൾക്കും. ഹർജി തീർപ്പാക്കുന്നതുവരെ അറസ്റ്റ് ഉൾപ്പെടെയുള്ള എല്ലാ തുടർനടപടികളും നിർത്തിവയ്ക്കണമെന്നും അല്ലു ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. തനിക്കെതിരെയുള്ള ആരോപണങ്ങൾ അടിസ്ഥാന രഹിതമാണെന്ന് പറഞ്ഞ അല്ലു, തീയറ്ററിൽ എത്തുന്ന വിവരം ഉടമസ്ഥരെയും പോലീസിനെയും അറിയിച്ചിരുന്നതായും ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ നിർദേശിച്ചിരുന്നതായും ഹർജിയിൽ ചൂണ്ടിക്കാട്ടി.

വസ്തുതകളോ സാഹചര്യങ്ങളോ പരിഗണിക്കാതെയാണ് എഫ്ഐആർ റജിസ്റ്റർ ചെയ്തത്. ക്രമസമാധാന പരിപാലനത്തിനായി ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ സ്ഥലത്തുണ്ടായിരുന്നതായും ഹർജിയിൽ വ്യക്തമാക്കി. മരിച്ച സ്ത്രീയുടെ കുടുംബത്തിന് 25 ലക്ഷം രൂപ അല്ലു അർജുൻ നേരത്തെ ധനസഹായം പ്രഖ്യാപിച്ചിരുന്നു. ഡിസംബർ നാലിന് ഹൈദരാബാദിലെ സന്ധ്യ തീയറ്ററിൽ താരത്തെ കാണാൻ വൻ ജനക്കൂട്ടം തടിച്ചുകൂടിയപ്പോഴായിരുന്നു സംഭവം. ആന്ധ്ര സ്വദേശിയായ രേവതിയാണ് (39) മരിച്ചത്. ഇവരുടെ മകൻ ശ്രീ തേജയെ (ഒമ്പത്) ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. തുടർന്ന് യുവതിയുടെ വീട്ടുകാരുടെ പരാതിയെ തുടർന്ന് ഡിസംബർ അഞ്ചിന് അല്ലു അർജുനും സുരക്ഷാ സംഘത്തിനും തീയറ്റർ മാനേജ്മെൻറിനുമെതിരെ പോലീസ് കേസെടുക്കുകയായിരുന്നു. ഭാരതീയ ന്യായസംഹിത (ബിഎൻഎസ്) 105,118 (1) വകുപ്പുകൾ പ്രകാരമാണ് ചിക്കാടപ്പള്ളി പോലീസ് സ്റ്റേഷനിൽ കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. തുടർന്ന് നടത്തിയ അന്വേഷണത്തിൽ പോലീസ് മൂന്നു പേരെ അറസ്റ്റ് ചെയ്തിരുന്നു. തീയറ്ററിന്റെ ഉടമകളിൽ ഒരാൾ, സീനിയർ മാനേജർ, ലോവർ ബാൽക്കണിയിലെ സുരക്ഷ ജീവനക്കാരൻ എന്നിവരെയാണ് അറസ്റ്റ് ചെയ്തത്.

# വീഡിയോ ചിത്രീകരണത്തിനിടെ അപകടം; വാഹനമോടിച്ചവരുടെ ലൈസൻസ് സസ്‌പെൻഡ് ചെയ്തു

കോഴിക്കോട്: പ്രമോഷണൽ വീഡിയോ ചിത്രീകരണത്തിനിടെ യുവാവ് മരിച്ച സംഭവത്തിൽ വാഹനമോടിച്ച സാബിത് റഹ്മാന്റെ ലൈസൻസ് സസ്പെൻഡ് ചെയ്തു. ഒരു വർഷത്തേക്കാണ് ഇയാളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തത്.മറ്റൊരു വാഹനം ഓടിച്ച റഹീസിന്റെ ലൈസൻസ് ആറ് മാസത്തേക്കും സസ്പെൻഡ് ചെയ്തു. യുവാവിനെ ഇടിച്ച ബെൻസ് കാറിന് ടാക്സും അടച്ചിട്ടില്ലെന്ന വിവരവും പുറത്തുവരുന്നുണ്ട്.വാഹനത്തിന് ഇൻഷുറൻസ് ഇല്ലെന്ന് നേരത്തെ കണ്ടെത്തിയിരുന്നു. ബെൻസ് കാറിന്റെ ആർസിയും റദ്ദാക്കും. സാബിത്തിനും റഹീസിനുമെതിരെ കേസെടുക്കും.വടകര കടമേരി സ്വദേശി ആൽവിനാണ് സ്വകാര്യ സ്ഥാപനത്തിന്റെ പ്രമോഷണൽ വീഡിയോ ചിത്രീകരണത്തിനിടെ വാഹനം ഇടിച്ച് മരിച്ചത്. തലയ്ക്ക് പിന്നിലേറ്റ ക്ഷതമാണ് മരണ കാരണം. ഇടിയുടെ ആഘാതത്തിൽ ആന്തരിക ക്ഷതവുമുണ്ടായി എന്നാണ് പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ട്.999 ഓട്ടോമോട്ടീവ് എന്ന സ്ഥാപനത്തിന്റെ പ്രമോഷണൽ വീഡിയോ ചിത്രീകരിക്കുന്നതിനിടെയാണ് അപകടം.സ്ഥാപന ഉടമ സാബിത്, ജീവനക്കാരൻ റഹീസ് എന്നിവർ ഓടിച്ചിരുന്ന രണ്ട് വാഹനങ്ങളുടെ ചേസിംഗ് വീഡിയോയാണ് ആൽവിൻ മൊബൈലിൽ ചിത്രീകരിച്ചിരുന്നത്. ഇതിനിടെ സാബിത് ഓടിച്ച ബെൻസ് ജീ വാഗൺ ആൽവിനെ ഇടിക്കുകയായിരുന്നു.

# അബ്ദുൾ റഹീമിന്റെ മോചനം വൈകും; സാങ്കേതിക കാരണങ്ങളാൽ ഹർജി മാറ്റി

റിയാദ്: സൗദി ജയിലിൽ കഴിയുന്ന അബ്ദുൾ റഹീമിന്റെ മോചനം വൈകും. കോടതിയിലുണ്ടായ സാങ്കേതിക കാരണങ്ങളാൽ ഹർജി മാറ്റുകയായിരുന്നു. റിയാദിലെ കോടതി ഇന്ന് ഒരു കേസും പരിഗണിച്ചില്ല. എല്ലാ കേസുകളും മാറ്റിവയ്ക്കുകയായിരുന്നു.

കഴിഞ്ഞ രണ്ട് തവണയും അബ്ദുൾ റഹീമിന്റെ കേസ് റിയാദിലെ ക്രിമിനൽ കോടതി മാറ്റിവച്ചിരുന്നു. ജൂലൈ രണ്ടിന് അബ്ദുൾ റഹീമിന്റെ വധശിക്ഷ കോടതി റദ്ദാക്കിയെങ്കിലും ജയിൽ മോചനം വൈകുകയാണ്. ബ്ലഡ് മണിയുടെ ചെക്കും രേഖകളും കോടതിയിലെത്തിച്ചതോടെ മോചനത്തിനായുള്ള നടപടിക്രമങ്ങളെല്ലാം പൂർത്തിയായിരുന്നു. തുടർന്നാണ് വധശിക്ഷ റദ്ദ് ചെയ്ത് വിധിയെത്തിയത്.

സൗദി പൗരന്റെ വീട്ടിൽ ജോലി ചെയ്യുകയായിരുന്നു അബ്ദുൾ റഹീം. രോഗിയായ കുട്ടിയെ പരിചരിക്കുന്നതിനിടെ കുട്ടിയുടെ കഴുത്തിൽ സ്ഥാപിച്ച ജീവൻരക്ഷ ഉപകരണം അബ്ദുൾ റഹീമിന്റെ കൈതട്ടി പോകുകയും കുട്ടി മരിക്കുകയുമായിരുന്നു. തുടർന്ന് സൗദി കോടതി അബ്ദുൾ റഹീമിന് വധശിക്ഷ വിധിക്കുകയായിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# 29–ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേള ഇന്നുമുതൽ

## മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും; 'ഐ ആം സ്റ്റിൽ ഹിയർ' ഉദ്ഘാടന ചിത്രം; ശബാന ആസ്മി വിശിഷ്ടാതിഥി

തിരുവനന്തപുരം : കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന 29–ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് (ഐ.എഫ്.എഫ്.കെ) നാളെ (ഡിസംബർ 13) തിരിതെളിയും. വൈകിട്ട് ആറിന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ നടി ശബാന ആസ്മി വിശിഷ്ടാതിഥിയാകും. ഹോങ്കോങ്ങിൽ നിന്നുള്ള സംവിധായിക ആൻ ഹുയിക്ക് ലൈഫ്ടൈം അച്ചീവ്മെന്റ് പുരസ്കാരം മുഖ്യമന്ത്രി സമ്മാനിക്കും. 10 ലക്ഷം രൂപയും ശില്പവുമടങ്ങുന്നതാണ് അവാർഡ്. തുടർന്ന് ഉദ്ഘാടനചിത്രമായ 'ഐ ആം സ്റ്റിൽ ഹിയർ' പ്രദർശിപ്പിക്കും. വിഖ്യാത ബ്രസീലിയൻ സംവിധായകൻ വാൾട്ടർ സാലസ് സംവിധാനംചെയ്ത പോർച്ചുഗീസ് ചിത്രം ബ്രസീൽ, ഫ്രാൻസ് എന്നീ രാജ്യങ്ങളുടെ സംയുക്ത സംരംഭമാണ്. പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി, ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ, വി.കെ പ്രശാന്ത് എം.എൽ.എ, മേയർ ആര്യാ രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ, സാംസ്കാരിക വകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറി ഡോ.രാജൻ എൻ. ഖോബ്രഗഡെ, സാംസ്കാരിക വകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ്.അയ്യർ, ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ, ഫെസ്റ്റിവൽ ക്യുറേറ്റർ ഗോൾഡ സെല്ലം, ജൂറി ചെയർപേഴ്സൺ ആനിയസ് ഗൊദാർദ്, കെ.എസ്.എഫ്.ഡി.സി. ചെയർമാൻ ഷാജി എൻ കരുൺ, സാംസ്കാരിക പ്രവർത്തകക്ഷേമനിധി ബോർഡ് ചെയർമാൻ മധുപാൽ, ഫിലിം ചേംബർ പ്രസിഡന്റ് ബി.ആർ. ജേക്കബ്, അക്കാദമി സെക്രട്ടറി സി.അജോയ് എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും. ഉദ്ഘാടനച്ചടങ്ങിനു മുന്നോടിയായി കേരള കലാമണ്ഡലം അവതരിപ്പിക്കുന്ന നൃത്തപരിപാടി അരങ്ങേറും. ഡിസംബർ 20 വരെ 15 തിയേറ്ററുകളിലായി 68 രാജ്യങ്ങളിൽ നിന്നുള്ള സിനിമകൾ മേളയിൽ പ്രദർശിപ്പിക്കും. അന്താരാഷ്ട്ര മൽസരവിഭാഗത്തിൽ 14 സിനിമകളുണ്ട്. മലയാള സിനിമ ടുഡേ, ഇന്ത്യൻ സിനിമ നൗ, ലോകസിനിമ,ഫെസ്റ്റിവൽ ഫേവറിറ്റ്സ്, കൺട്രി ഫോക്കസ്, റെട്രോസ്പെക്റ്റീവ്, 'ദ ഫിമേൽ ഗേയ്സ്' ,ലാറ്റിനമേരിക്കൻ സിനിമ, കലൈഡോസ്കോപ്പ്, മിഡ്നൈറ്റ് സിനിമ, അനിമേഷൻ, റെസ്റ്റോർഡ് ക്ലാസിക്സ്, ഹോമേജ് എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ 177 സിനിമകൾ പ്രദർശനത്തിനുണ്ട്. മേളയുടെ ഭാഗമായി ഓപ്പൺ ഫോറം, ഇൻ കോൺവർസേഷൻ, മീറ്റ് ദ ഡയറക്ടർ, അരവിന്ദൻ സ്മാരക പ്രഭാഷണം, പാനൽ ഡിസ്കഷൻ എന്നിവയും ഉണ്ടാകും. 13000ൽപ്പരം ഡെലിഗേറ്റുകളും 100ഓളം ചലച്ചിത്രപ്രവർത്തകരും മേളയിലെത്തും. തിയേറ്ററുകളിൽ ആകെ സീറ്റിന്റെ 70 ശതമാനം റിസർവേഷൻ ചെയ്തവർക്കും 30 ശതമാനം റിസർവേഷൻ ഇല്ലാത്തവർക്കുമായാണ് പ്രവേശനം. മുതിർന്ന പൗരന്മാർക്ക് ക്യൂ നിൽക്കാതെ പ്രവേശനം ലഭിക്കും. ഡെലിഗേറ്റുകൾക്കായി കെ.എസ്.ആർ.ടി.സിയുടെ രണ്ട് ഇ-ബസുകൾ പ്രദർശനവേദികളെ ബന്ധിപ്പിച്ചുകൊണ്ട് സൗജന്യ സർവീസ് നടത്തും. മൺമറഞ്ഞ ചലച്ചിത്രപ്രതിഭകൾക്ക് സ്മരണാഞ്ജലിയർപ്പിക്കുന്ന ചടങ്ങ് ഡിസംബർ 14 ന് വൈകിട്ട് ആറു മണിക്ക് നിള തിയേറ്ററിൽ സംഘടിപ്പിക്കും. സംസ്ഥാന ചലച്ചിത്ര അക്കാദമി ശ്രദ്ധാഞ്ജലി പരമ്പരയിലെ ആറു പുസ്തകങ്ങൾ മേളയിൽ പ്രകാശനം ചെയ്യും. മേളയുടെ ഭാഗമായി 50 ലോകചലച്ചിത്രാചാര്യർക്ക് ആദരവർപ്പിക്കുന്ന ഡിജിറ്റൽ ആർട്ട് എക്സിബിഷൻ 'സിനിമാ ആൽക്കെമി: എ ഡിജിറ്റൽ ആർട്ട് ട്രിബ്യൂട്ട്' ഡിസംബർ 14 മുതൽ ടാഗോർ തിയേറ്ററിൽ നടക്കും. സംവിധായകൻ ടി.കെ രാജീവ് കുമാറാണ് ക്യുറേറ്റർ. മലയാള സിനിമയുടെ തിരശീലയിൽ തിളങ്ങിയ മുതിർന്ന നടിമാരെ സാംസ്കാരിക വകുപ്പു മന്ത്രി ആദരിക്കുന്ന 'മറക്കില്ലൊരിക്കലും' ഡിസംബർ 15 ഞായറാഴ്ച വൈകിട്ട് 6.30ന് മാനവീയം വീഥിയിൽ നടക്കും. തുടർന്ന് ഇവരുടെ സിനിമകളിലെ ഗാനങ്ങൾ കോർത്തിണക്കിയുള്ള സംഗീതപരിപാടിയും ഉണ്ടായിരിക്കും. മാനവീയം വീഥിയിൽ ഡിസംബർ 14 മുതൽ 19 വരെ വൈകിട്ട് 6.30ന് കലാസാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കും. ഡിസംബർ 20ന് നടക്കുന്ന സമാപനച്ചടങ്ങിൽ സംവിധായിക പായൽ കപാഡിയയ്ക്കുള്ള സ്പിരിറ്റ് ഓഫ് സിനിമ അവാർഡ് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിക്കും. മേളയിൽ മികച്ച ചിത്രത്തിനുള്ള സുവർണ ചകോരത്തിന് അർഹമാവുന്ന സിനിമയ്ക്ക് 20 ലക്ഷം രൂപ ലഭിക്കും. രജത ചകോരത്തിന് അർഹമാവുന്ന ചിത്രത്തിന്റെ സംവിധാനത്തിന് നാലു ലക്ഷം രൂപയും രജതചകോരത്തിന് അർഹത നേടുന്ന നവാഗത സംവിധാന പ്രതിഭയ്ക്ക് മൂന്നു ലക്ഷം രൂപയും ലഭിക്കും. പ്രേക്ഷക പുരസ്കാരത്തിന് അർഹമാവുന്ന സിനിമയുടെ സംവിധാനത്തിന് രണ്ടു ലക്ഷം രൂപയും കെ.ആർ.മോഹനൻ എൻഡോവ്മെന്റ് അവാർഡ് നേടുന്ന ഇന്ത്യയിലെ മികച്ച നവാഗത സംവിധാന പ്രതിഭയ്ക്ക് ഒരു ലക്ഷം രൂപയും ലഭിക്കും. സമാപനച്ചടങ്ങിനു മുന്നോടിയായി രാജേഷ് ചേർത്തലയുടെ ഓടക്കുഴൽ കച്ചേരി നടക്കും. വിഖ്യാത ഫ്രഞ്ച് ഛായാഗ്രാഹക ആനിയസ് ഗൊദാർദ് ആണ് അന്താരാഷ്ട്ര മൽസര വിഭാഗത്തിന്റെ ജൂറി ചെയർപേഴ്സൺ. ജോർജിയൻ സംവിധായിക നാനാ ജോജാദ്സി, ബൊളീവിയൻ സംവിധായകനും തിരക്കഥാകൃത്തുമായ മാർക്കോസ് ലോയ്സ, അർമീനിയൻ സംവിധായകനും നടനുമായ മിഖായേൽ ഡോവ്‌ലാത്യൻ, ആസാമീസ് സംവിധായകൻ മോഞ്ചുൾ ബറുവ എന്നിവരാണ് മറ്റ് ജൂറി അംഗങ്ങൾ.




## ചലച്ചിത്ര മേളയിൽ ആദ്യ ദിനം 10 ശ്രദ്ധേയ ചിത്രങ്ങൾ

29–ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ ആദ്യ ദിനം ശ്രദ്ധേയമായ 10 ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കും. ലോക സിനിമാവിഭാഗത്തിൽ ആറും ഫീമെയിൽ ഗെയ്സ് വിഭാഗത്തിൽ രണ്ടും ലാറ്റിൻ അമേരിക്കൻ വിഭാഗത്തിൽ ഒന്നും ചിത്രങ്ങളും ലൈഫ് ടൈം അച്ചീവ്മെന്റിനർഹയായ ആൻ ഹുയിയുടെ ഒരു ചിത്രവുമാണ് ആദ്യദിനം പ്രദർശിപ്പിക്കുന്നത്.

ഉദ്ഘാടന ചിത്രമായ വാൾട്ടർ സാൽസിന്റെ ഐ ആം സ്റ്റിൽ ഹിയറിന്റെ പ്രദർശനം നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഉദ്ഘാടന ചടങ്ങിനു ശേഷം നടക്കും. മനുഷ്യബന്ധങ്ങളുടേയും ചെറുത്തു നിൽപ്പിന്റെയും കഥപറയുന്നതാണു ചിത്രം. 13ന് രാവിലെ 10ന് നിള തിയേറ്ററിൽ ആൻ ഹുയി സംവിധാനം ചെയ്ത ജൂലി റാപ്സോഡി പ്രദർശിപ്പിക്കും. ഒരു ഹൈസ്ക്കൂൾ ടീച്ചറുടെ ജീവിതത്തിൽ അവിചാരിതമായി വന്നു ചേരുന്ന പ്രതിസന്ധിയാണ് കഥാതന്തു. കൈരളി തിയേറ്ററിൽ രാവിലെ 10ന് നർഗസ് കൽഹോറിന്റെ ഷാഹിദ് പ്രദർശിപ്പിക്കും. രക്തസാക്ഷി എന്നർഥം വരുന്ന വാക്കിനെ തന്റെ പേരിൽ നിന്നും മാറ്റാനാഗ്രഹിക്കുന്ന കഥാനായകനും അതേ തുടർന്നുണ്ടാകുന്ന സംഭവങ്ങളുമാണ് പശ്ചാത്തലം.

ശ്രീ തിയേറ്ററിൽ രാവിലെ 10.15 ന് ജൂലിയ ഡി സിമോണിന്റെ ഫോർമോസ ബീച്ച് പ്രദർശിപ്പിക്കും. അടിമത്തത്തിനിരയായ മുയൻസ എന്ന പെൺകുട്ടിയുടെ കഥ പറയുന്നതാണു ചിത്രം. ഉച്ചയ്ക്ക് 12.30ന് കൈരളി തിയറ്ററിൽ ഫീമെയിൽ ഗെയ്സ് വിഭാഗത്തിൽ ഇവ റേഡിവോയവിച്ചിന്റെ ഫോൺ റാംഗ് പ്രദർശിപ്പിക്കും. കുടിയിറക്കലിന്റെയും ആത്മസംഘർഷങ്ങളുടേയും കഥ പറയുന്ന സെർബിയൻ-അമേരിക്കൻ ചിത്രമാണിത്.

കലാഭവൻ തിയേറ്ററിൽ ഉച്ചയ്ക്ക് 12ന് ലാറ്റിനമേരിക്കൻ വിഭാഗത്തിൽ നിന്നുള്ള കാർലോസ് മാരെസ് ഗോൺസാലസിന്റെ അന്നയും ദാന്റെയും പ്രദർശിപ്പിക്കും. മനുഷ്യബന്ധങ്ങളിലെ സാമൂഹികവും സാംസ്കാരികവുമായ സ്വാധീനത്തെ ഹൃദയ സ്പർശിയായി ചിത്രത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്നു.

## മത്സ്യത്തൊഴിലാളി ജാഗ്രത നിർദേശം

കേരള തീരത്ത് 14 വരെയും ലക്ഷദ്വീപ് തീരത്ത് 13, 14 തീയതികളിലും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

14 വരെ കേരള തീരത്ത് മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.ഡിസംബർ 13 മുതൽ 14 വരെ ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

# തിരുവനന്തപുരം മെഡിക്കൽ കോളേജ് എമർജൻസി മെഡിസിൻ വിഭാഗത്തെ സെന്റർ ഓഫ് എക്സലൻസ് ആയി തെരഞ്ഞെടുത്തു

## രാജ്യത്തെ 5 പ്രധാന ആശുപത്രികളുടെ പട്ടികയിൽ മെഡിക്കൽ കോളേജും

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗത്തെ കേന്ദ്ര സർക്കാർ സെന്റർ ഓഫ് എക്സലൻസ് ആയി തിരഞ്ഞെടുത്തു. അത്യാഹിത വിഭാഗ ചികിത്സയുടെ പഠനത്തിനായി നീതി ആയോഗ് - ഐസിഎംആർ തിരഞ്ഞെടുക്കുന്ന രാജ്യത്തെ അഞ്ച് മെഡിക്കൽ കോളേജുകളുടെ പട്ടികയിലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജും ഉൾപ്പെട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും രണ്ടു കോടി രൂപ മെഡിക്കൽ കോളേജിന് ലഭിക്കും. കേരളത്തിൽ നിന്നൊരു മെഡിക്കൽ കോളേജ് ഈ സ്ഥാനത്ത് എത്തുന്നത് ചരിത്രത്തിൽ ആദ്യമായാണ്.

മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസ് ആയി ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാർ ഉയർത്തിയിരുന്നു. ഇതോടെ മെഡിക്കൽ കോളേജും എസ്.എ.ടി. ആശുപത്രിയും സെന്റർ ഓഫ് എക്സലൻസായി മാറുകയാണ്.രാജ്യത്തെ 5 പ്രധാന ആശുപത്രികൾക്കൊപ്പം തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ എമർജൻസി മെഡിസിൻ വിഭാഗത്തെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുമ്പോൾ വളരെ സന്തോഷമുണ്ടെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു. ഈ സർക്കാരിന്റെ തുടക്കകാലത്ത് 2021ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മുന്നറിയിപ്പില്ലാതെ മന്ത്രി നടത്തിയ സന്ദർശനമാണ് എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങളിലേക്ക് തുടക്കം കുറിച്ചത്.പഴയ അത്യാഹിത വിഭാഗം സ്ഥലപരിമിതിയോടെ, അടിസ്ഥാന സൗകര്യങ്ങളില്ലാതെ ഞെങ്ങിഞെരുങ്ങിയാണ് പ്രവർത്തിച്ചു വന്നിരുന്നത്. വെളിച്ചമില്ലാത്ത വരാന്തയിൽ അഞ്ചും ആറും മണിക്കൂറുകൾ മതിയായ ചികിത്സ ലഭ്യമാകാതെ സ്ട്രച്ചറിൽ കാത്തുകിടക്കുന്ന രോഗികളെ കാണാൻ സാധിച്ചു. പലയിടത്ത് നിന്നും ഇസിജി വേരിയേഷൻ രേഖപ്പെടുത്തി വന്നവരും അക്കൂട്ടത്തിൽ ഉണ്ട്. ഓരോ ഡോക്ടർമാരുടെ ടേബിളിന് ചുറ്റും മുപ്പതും നാൽപതും രോഗികൾ ഉണ്ടായിരുന്നു. സേവനം ലഭിച്ചിരുന്നത് മണിക്കൂറുകൾ കഴിഞ്ഞു മാത്രമാണെന്ന് പലരും പരാതി പറഞ്ഞു. അപ്പോഴാണ് ഈ അവസ്ഥ മാറ്റി എമർജൻസി മെഡിക്കസിൻ വിഭാഗം എവിടെ തുടങ്ങും എന്നുള്ള ചിന്ത വന്നത്.

നിർമ്മാണം തുടങ്ങിയെങ്കിലും വളരെക്കാലം നിലച്ചു പോയിരുന്ന കെട്ടിടത്തിൽ നൂതന എമർജൻസി മെഡിസിൻ സംവിധാനങ്ങളൊരുക്കിയാണ് പുതിയ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചത്. ശാസ്ത്രീയമായ ട്രയാജ് സംവിധാനം ആദ്യമായി നടപ്പിലാക്കി. ചെസ്റ്റ് പെയിൻ ക്ലിനിക്, സ്ട്രോക്ക് ഹോട്ട്ലൈൻ, അത്യാധുനിക പരിശോധനാ സംവിധാനങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം എന്നിവ ഉറപ്പാക്കി. സീനിയർ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കി. മെഡിക്കൽ കോളേജിലെ എല്ലാ തലത്തിലും സൂക്ഷ്മമായ ഇടപെടൽ വേണമെന്ന് കണ്ടതുകൊണ്ട് പുതിയ ഡിപ്പാർട്ട്മെന്റുകൾ, പുതിയ സംവിധാനങ്ങൾ, ഫെലോഷിപ്പ് പ്രോഗ്രാം എന്നിവ ആരംഭിച്ചു. എയിംസ്, ലോകാരോഗ്യ സംഘടനാ പ്രതിനിധികൾ അത്യാഹിത വിഭാഗം സന്ദർശിച്ച് അഭിനന്ദിച്ചു. എമർജൻസി മെഡിസിനിൽ മൂന്ന് പിജി സീറ്റുകൾക്ക് അനുമതി ലഭ്യമാക്കി കോഴ്സ് ആരംഭിച്ചു. 100 ഐസിയു കിടക്കകളുള്ള പ്രത്യേക ബ്ലോക്ക്, സ്പെക്റ്റ് സ്കാൻ എന്നിവ സ്ഥാപിച്ചു. പെറ്റ് സ്കാൻ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

ഈ കാലയളവിൽ ദേശീയ മെഡിക്കൽ വിദ്യാഭ്യാസ റാങ്കിങ്ങിൽ തുടർച്ചയായ രണ്ട് വർഷങ്ങളിൽ മെഡിക്കൽ കോളേജ് ഉൾപ്പെട്ടു. സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് മെഡിക്കൽ കോളേജിൽ നടന്നു വരുന്നത്. 85ൽ അധികം തവണയാണ് മന്ത്രി വീണാ ജോർജ് മെഡിക്കൽ കോളേജ് സന്ദർശിച്ച് ചർച്ച നടത്തിയത്. മാസ്റ്റർപ്ലാനിന്റെ ഭാഗമായി കിഫ്ബി വഴി 717 കോടിയുടെ വികസന പ്രവർത്തനങ്ങളാണ് മെഡിക്കൽ കോളേജിൽ നടന്നു വരുന്നത്. ആദ്യഘട്ടത്തിലെ റോഡും പാലവും നിർമ്മാണം പൂർത്തിയാക്കി 194.32 കോടി അനുവദിച്ച് രണ്ടാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. രാജ്യത്ത് ആദ്യമായി സർക്കാർ മേഖലയിലെ ന്യൂറോ കാത്ത് ലാബ് ഉൾപ്പെട്ട 14.3 കോടിയുടെ സമഗ്ര സ്ട്രോക്ക് സെന്റർ സജ്ജമാക്കി. മെഡിക്കൽ കോളേജിൽ റോബോട്ടിക് സർജറി ആരംഭിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്.മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി ആരംഭിച്ചു. ലിനാക്, ഇന്റർവെൻഷണൽ പൾമണോളജി യൂണിറ്റ്, ബേൺസ് ഐസിയു എന്നിവ സ്ഥാപിച്ചു. രാജ്യത്ത് മെഡിക്കൽ കോളേജുകളിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ന്യൂറോ ഇന്റർവെൻഷൻ ആരംഭിച്ചു. 23 കോടിയുടെ ലേഡീസ് ഹോസ്റ്റൽ യാഥാർത്ഥ്യമാക്കി. അടുത്തിടെ മെഡിക്കൽ കോളേജിനായി 25 അധ്യാപക തസ്തികകൾ സൃഷ്ടിച്ചു. സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ക്രിറ്റിക്കൽ കെയർ, ജനറ്റിക്സ്, ജെറിയാട്രിക്, ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി വിഭാഗങ്ങൾ ആരംഭിക്കാനുള്ള ജീവനക്കാരെ നിയമിച്ച് നടപടികൾ പുരോഗമിക്കുന്നു.

## മുനമ്പം ഭൂപ്രശ്നം; മുസ്‌ലിംലീഗ് എറണാകുളം ജില്ലാ കമ്മിറ്റി ഓഫീസിന് മുന്നിൽ അഭിഭാഷകനെതിരേ പോസ്റ്റർ

കൊച്ചി: മുനമ്പം വിഷയത്തിൽ മുസ്‌ലിം ലീഗ് എറണാകുളം ജില്ലാ കമ്മിറ്റി ഓഫീസിന് മുൻപിൽ പോസ്റ്റർ. അഡ്വ. മുഹമ്മദ് ഷാക്കെതിരേയാണ് പോസ്റ്റർ പതിച്ചിരിക്കുന്നത്. മുസ്‌ലിം ലീഗിന്റെ അഭിഭാഷക സംഘടനാ നേതാവാണ് ഇദ്ദേഹം. മുനമ്പത്തേത് വഖഫ് ഭൂമി അല്ലെന്ന് സമുദായത്തേയും പാർട്ടിയെയും അടക്കം ഇദ്ദേഹം തെറ്റിദ്ധരിപ്പിച്ചുവെന്നാണ് പോസ്റ്ററിൽ ആരോപിക്കുന്നത്.

ഐയുഎൽഎൽ സേവ് ഫോറത്തിന്റെ പേരിലാണ് പോസ്റ്റർ പതിച്ചിരിക്കുന്നത്. മുനമ്പം വഖഫ് ഭൂമി വിഷയത്തിൽ ക്രിസ്ത്യൻ സഭകളെ തെറ്റിധരിപ്പിച്ച അഡ്വ. മുഹമ്മദ് ഷാക്കെതിരേ നടപടിയെടുക്കുകയെന്നും പോസ്റ്ററിലുണ്ട്.മുനമ്പം വിഷയവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം കോഴിക്കോട് ലീഗ് ഹൗസിന് മുന്നിലും പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടിരുന്നു. ബാഫഖി സ്റ്റഡി സർക്കിളിന്റെ പേരിലാണ് പോസ്റ്ററുകൾ പതിച്ചത്.

മുനമ്പത്തേത് വഖഫ് ഭൂമിയല്ലെന്ന പ്രതിപക്ഷ നേതാവ് വി.ഡി. സതീശന്റെ പരാമർശം വിവാദങ്ങൾക്ക് വഴിവച്ചിരുന്നു. പരാമർശത്തെ തള്ളി കെ.എം. ഷാജി രംഗത്തെത്തിയതോടെ മുനമ്പം വിഷയത്തിൽ മുസ്‌ലിം ലീഗിൽ രണ്ട് പക്ഷം രൂപപ്പെട്ടു.

പ്രതിപക്ഷ നേതാവ് പറഞ്ഞത് അദ്ദേഹത്തിന്റെ അഭിപ്രായമാണെന്നും മുസ്‌ലിം ലീഗിന് അങ്ങനെയൊരു അഭിപ്രായമില്ലെന്നുമായിരുന്നു കെ.എം. ഷാജിയുടെ പ്രതികരണം. മുനമ്പത്തേത് വഖഫ് ഭൂമിയല്ലെന്ന് പറയാൻ കഴിയില്ലെന്നും കെ.എം. ഷാജി വ്യക്തമാക്കിയിരുന്നു, കെ.എം. ഷാജിയെ തള്ളി പി.കെ. കുഞ്ഞാലിക്കുട്ടിയും പിന്തുണച്ച് ഇ.ടി. മുഹമ്മദ് ബഷീർ എംപിയും രംഗത്തെത്തിയിരുന്നു.

ആരും പാർട്ടിയാകാൻ നോക്കേണ്ടെന്നായിരുന്നു കുഞ്ഞാലിക്കുട്ടിയുടെ വിമർശനം. കെ.എം. ഷാജിയുടെ അഭിപ്രായം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആണെന്ന് ഇ.ടി. മുഹമ്മദ് ബഷീറും വ്യക്തമാക്കുകയായിരുന്നു.

# മുതിർന്ന പൗരന്മാർക്കിടയിൽ ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കും: മന്ത്രി ആർ. ബിന്ദു

വയോജനങ്ങൾക്കിടയിൽ ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കേണ്ടത് അത്യാവശ്യമാണെന്നും അവർക്ക് പ്രത്യേക ശ്രദ്ധ കൊടുക്കുന്ന ഒരു സാർവത്രിക ഡിജിറ്റൽ ക്യാമ്പയിൻ ഏറ്റെടുത്തിട്ടുണ്ടെന്നും സാമൂഹ്യനീതി വകുപ്പ് മന്ത്രി ആർ. ബിന്ദു പറഞ്ഞു.മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള സംസ്ഥാന നയ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിൽ സംഘടിപ്പിച്ച ഏകദിന ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. മുതിർന്ന പൗരന്മാരുടെ കഴിവുകളും അനുഭവസമ്പത്തും പ്രയോജനപ്പെടുത്താൻ കഴിയും വിധത്തിൽ സ്കിൽ ബാങ്ക് രൂപീകരിക്കണമെന്ന് സാമൂഹ്യനീതി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് അവരുടെ അഭിരുചിയും പ്രവർത്തന സാധ്യതകളും അനുഭവസമ്പത്തും രേഖപ്പെടുത്തുന്നതിനൊരു ആപ്ലിക്കേഷൻ വികസിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. വയോജനങ്ങളുടെ മൂല്യം പിൻതലമുറകൾക്ക് മനസ്സിലാക്കാൻ ഉതകുന്ന വിധത്തിൽ അവരുടെ ശ്രദ്ധേയമായ സംഭവനകളെയും സാധ്യതകളെയും ഉയർത്തികാണിച്ചുകൊണ്ടുള്ള പ്രചരണാത്മകമായ പ്രവർത്തനം നടത്തേണ്ടത് പ്രധാനമാണ്. തലമുറകൾ തമ്മിലുള്ള വിടവ് നികത്തിക്കൊണ്ട് അവർ തമ്മിലുള്ള പാരസ്പ്പര്യം ഉറപ്പിക്കുന്നതിനുള്ള പൊതു പ്ലാറ്റ്ഫോംമുകൾ വികസിപ്പിക്കേണ്ടതുണ്ട്. ശയ്യാവലമ്പികളായിട്ടുള്ള മുഴുവൻപേർക്കും പ്രത്യേക പരിചരണം ലഭിക്കും വിധമുള്ള ഒരു പദ്ധതി കൂടി തയ്യാറാക്കി വരുകയാണെന്ന് മന്ത്രി അറിയിച്ചു. മറവി രോഗങ്ങളുമായി ബന്ധപ്പെട്ട് മെമ്മറി ക്ലിനിക്കുകളും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സഹായവും മരുന്നുകളും ലഭ്യമാക്കാൻ കഴിയുന്ന സംവിധാനമാണ് ഓർമ്മത്തോണി എന്ന പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. അതിനുവേണ്ടിയുള്ള പരിശീലനം പൂർത്തിയായി. കേരളത്തിൽ സർക്കാരിന്റെ പ്രഥമ പരിഗണന നൽകേണ്ട വിഭാഗമായി അനുദിനം വയോജനങ്ങൾ മാറിക്കൊണ്ടിരിക്കുന്ന സ്ഥിതിയുണ്ട്. മനുഷ്യരെ അവരുടെ കർമ്മശേഷി അവസാനിക്കുന്ന കാലത്തു നിരുപധികം വലിച്ചെറിയുന്ന പ്രവണത ഈ കാലഘട്ടത്തിൽ ശക്തമായിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് സർക്കാർ ഏറ്റവും മുന്തിയ പരിഗണന കൊടുക്കേണ്ട വിഭാഗം എന്ന നിലയിൽ വയോജനങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും സമഗ്രമായി പരിശോധിക്കുന്ന നയരേഖ തയ്യാറാക്കുന്നതിന് തീരുമാനിച്ചതെന്ന് മന്ത്രി പറഞ്ഞു.സാമൂഹ്യനീതി വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ, സി.എം.ഡി. ചെയർമാൻ എസ്. എം. വിജയാനന്ദ്, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പ്രിയങ്ക ജി., സംസ്ഥാന പ്ലാനിങ് ബോർഡ് അംഗം മിനി സുകുമാർ, തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായി.



മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള സംസ്ഥാന നയ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ഏകദിന ശിൽപശാല സാമൂഹ്യ നീതി വകുപ്പ് മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു